S1X2T6

# അധ്യായം 3

# സമത്വം (Equality)

## അവലോകനം



നമ്മുടെ ഭരണഘടനയിൽ സംരക്ഷിച്ചുവരുന്ന ഒരു മൂല്യംകൂടിയായ സമത്വമെന്ന ആശയത്തെക്കുറിച്ചാണ് ഈ അധ്യായം. ഈ ആശയത്തെക്കുറിച്ച് കൂടുതലായി ചിന്തിക്കുവാൻ താഴെപ്പറയുന്ന ചോദ്യങ്ങളെ ഈ അധ്യായം പരിശോധിക്കുന്നു.

- എന്താണ് സമത്വം? ധാർമികവും രാഷ്ട്രീയവുമായ ഈ ആശയത്തിന് എന്തുകൊണ്ടാണ് നാം പരിഗണന നൽകേണ്ടത്?
- എല്ലാവരെയും എല്ലാ സാഹചര്യങ്ങളിലും ഒരുപോലെ പരിഗണിക്കുക എന്നതാണോ സമത്വം അനുശാസിക്കുന്നത്?
- ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ എങ്ങനെയാണ് നാം അസമത്വത്തെ കുറയ്ക്കുന്നതും സമത്വത്തെ പിന്തുടരുന്നതും?
- സമത്വത്തിന്റെ രാഷ്ട്രീയവും, സാമ്പത്തികവും സാമൂഹികവുമായ വ്യത്യസ്തമാനങ്ങളെ നാം എങ്ങനെ വേർതിരിക്കും?

ഈ ചോദ്യങ്ങളെ മനസ്സിലാക്കി അവയ്ക്ക് ഉത്തരങ്ങൾ നൽകുന്നതിനിടയിൽ നമ്മുടെ കാലഘട്ടത്തിലെ പ്രധാനപ്പെട്ട ആശയസംഹിതകളായ സോഷ്യലിസം, മാർക്സിസം, ഉദാരവാദം, സ്ത്രീപക്ഷവാദം എന്നിവയെ നിങ്ങൾ അഭിമുഖീകരിക്കേണ്ടിവരും.

അസമത്വത്തിന്റെ അവസ്ഥകളെക്കുറിച്ചുള്ള വസ്തുതകളും കണക്കുകളും ഈ അധ്യായത്തിൽ നിങ്ങൾക്ക് കാണാം. ഈ വസ്തുതകളും കണക്കുകളും നിങ്ങൾ മനഃപാഠമാക്കേണ്ടതില്ല. അസമത്വത്തിന്റെ സ്വഭാവത്തെ നിങ്ങൾ തിരിച്ചറിയുന്നതിനുവേണ്ടി മാത്രമാണിവ.

## 3.1. എന്തുകൊണ്ട് സമത്വം പ്രസക്തമാകുന്നു? (WHY DOES EQUALITY MATTER?)

പലനൂറ്റാണ്ടുകളായി മനുഷ്യസമൂഹത്തെ പ്രചോദിപ്പിക്കുകയും വഴികാട്ടുകയും ചെയ്ത ശക്തമായ ഒരു ധാർമിക-രാഷ്ട്രീയ ആശയമാണ് സമത്വം. മനുഷ്യരെല്ലാവരും ദൈവത്തിന്റെ സൃഷ്ടിയാണെന്ന് ഉദ്ഘോഷിക്കുന്ന എല്ലാ മതങ്ങളിലും വിശ്വാസങ്ങളിലും ഈ ആശയം അന്തർലീനമാണ്. ഒരു രാഷ്ട്രീയാദർശമെന്ന നിലയിൽ നിറം, ലിംഗപദവി, വർഗം, ദേശീയത എന്നിവയ്ക്കതീതമായി എല്ലാ മനുഷ്യർക്കും തുല്യ മൂല്യമുണ്ടെന്ന ആശയത്തെയാണ് സമത്വ സങ്കൽപം വിഭാവനം ചെയ്യുന്നത്. പൊതുമാനവികതയുടെ അടിസ്ഥാനത്തിൽ എല്ലാ മനുഷ്യരും തുല്യ പരിഗണനയും തുല്യബഹുമാനവും അർഹിക്കുന്നുവെന്നു സമത്വം അനുശാസിക്കുന്നു. ഉദാഹരണമായി, 'സാർവത്രിക മനുഷ്യാവകാശങ്ങൾ' അല്ലെങ്കിൽ 'മനുഷ്യരാശിക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ' എന്നീ ആശയങ്ങൾക്ക് പിന്നിലെ ചേതോവികാരം മനുഷ്യരെല്ലാം ഒന്നാണെന്ന ഈ കാഴ്ചപ്പാടാണ്.

ആധുനികകാലത്ത് മനുഷ്യർക്കിടയിൽ സ്ഥാനം, സാമ്പത്തികപദവി, വിശേഷാവകാശങ്ങൾ എന്നിങ്ങനെയുള്ള അസമത്വങ്ങളെ അനുകൂലിക്കുന്ന രാഷ്ട്രങ്ങൾക്കും സാമൂഹ്യ സ്ഥാപനങ്ങൾക്കും എതിരെയുള്ള പോരാട്ടങ്ങളിൽ എല്ലാ മനുഷ്യരും തുല്യരാണെന്ന മുദ്രാവാക്യം ഉപയോഗിക്കപ്പെട്ടു. രാജവാഴ്ചയ്ക്കും ഭൂപ്രഭുക്കന്മാരുടെ കുലീന വാഴ്ചക്കെതിരെയും പതിനെട്ടാം നൂറ്റാണ്ടിൽ ഫ്രഞ്ചുവിപ്ലവകാരികൾ നടത്തിയ പോരാട്ടങ്ങളിൽ 'സ്വാതന്ത്ര്യം', 'സമത്വം', 'സഹോദര്യം' എന്നീ മുദ്ര്യാവാക്യങ്ങൾ ഉപയോഗിച്ചു. ഇരുപതാം നൂറ്റാണ്ടിൽ ഏഷ്യയിലെയും ആഫ്രിക്കയിലെയും കോളനിവിരുദ്ധ - വിമോചനപോരാട്ടങ്ങളിലും സമത്വത്തിനു വേണ്ടിയുള്ള ആവശ്യം ഉയർന്നുവന്നു. നമ്മുടെ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരായി കരുതുന്ന ദളിതുകൾ,

**നമുക്കിത് ചെയ്യാം**

സമത്വമെന്ന ആദർശത്തെ അംഗീകരിക്കുന്ന ഉദ്ധരണികൾ വ്യത്യസ്ത മതഗ്രന്ഥങ്ങളിൽ നിന്ന് ശേഖരിച്ച് അവ ക്ലാസ് മുറിയിൽ വായിക്കുക.

ഞാനറിയുന്ന എല്ലാ ആളുകളുംതന്നെ ഏതെങ്കിലുമൊരു മതത്തിൽ വിശ്വസിക്കുന്നവരാണ്. ഞാനറിയുന്ന എല്ലാമതങ്ങളും സമത്വം ഉദ്ഘോഷിക്കുന്നു. പിന്നെ എന്തുകൊണ്ടാണ് ഈ ലോകത്തിൽ അസമത്വമുള്ളത്?



സ്ത്രീകൾ തുടങ്ങിയ പോരാടുന്ന വിഭാഗങ്ങൾ സമത്വത്തിനുവേണ്ടിയുള്ള ആവശ്യം ഉയർത്തിക്കൊണ്ടേയിരിക്കുന്നു. മിക്ക രാജ്യങ്ങളുടെയും ഭരണഘടനയിലും നിയമങ്ങളിലും ഉൾക്കൊള്ളിച്ചിരിക്കുന്ന സമത്വമെന്ന ആശയം ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

ഇങ്ങനെയൊക്കെയാണെങ്കിലും സമത്വത്തിലുപരിയായി അസമത്വമാണ് നമുക്കു ചുറ്റുമുള്ള ലോകത്തിലും നമ്മുടെ സ്വന്തം സമൂഹത്തിനകത്തും കാണപ്പെടുന്നത്. ഒരേ സമയം ആഡംബരക്കെട്ടിടങ്ങൾക്കരികിലായി നിലനിൽക്കുന്ന ചേരികളും, ലോകനിലവാരത്തിലുള്ള സൗകര്യങ്ങളും ശീതീകരിച്ച ക്ലാസ് മുറികളുമുള്ള സ്കൂളുകൾക്കിടയിൽ സറിതി ചെയ്യുന്ന കുടിവെള്ളമോ ശുചിമുറിയോ പോലുമില്ലാത്ത മറ്റ് സ്കൂളുകളും, അതോടൊപ്പം ഭക്ഷണസാമഗ്രികളുടെ ധൂർത്തും പട്ടിണിയും നമ്മുടെ രാജ്യത്ത് കാണപ്പെടുന്നു. നിയമം വാഗ്ദാനം ചെയ്യുന്നതും നാം നമ്മുടെ ചുറ്റുപാടും കാണുന്നതും തമ്മിൽ പ്രകടമായ വ്യത്യാസങ്ങളുണ്ട്.

തുടർന്നു തന്നിരിക്കുന്ന ആഗോളാസമത്വത്തിൻമേലുള്ള വസ്തുതാക്കുറിപ്പും നമ്മുടെ രാജ്യത്തിനകത്തെ അസമത്വം സംബന്ധിച്ച പട്ടികയും വായിക്കുക.

### ആഗോള അസമത്വത്തെ സംബന്ധിച്ച വസ്തുതകൾ

1. ലോകത്തിലെ ഏറ്റവും ദരിദ്രരായ 40 കോടി ജനങ്ങളുടെ ആകെ വരുമാനത്തേക്കാൾ കൂടുതലാണ് ലോകത്തിലെ ഏറ്റവും സമ്പന്നരായ 50 പേരുടെ മൊത്തവരുമാനം
2. ലോകജനസംഖ്യയിലെ ഏറ്റവും ദരിദ്രരായ 40 ശതമാനത്തിന് ആഗോള വരുമാനത്തിന്റെ 5 ശതമാനം മാത്രം ലഭിക്കുമ്പോൾ ലോകജനസംഖ്യയിലെ ഏറ്റവും സമ്പന്നരായ 10 ശതമാനം പേർ ആഗോളവരുമാനത്തിന്റെ 54 ശതമാനത്തെയും നിയന്ത്രിക്കുന്നു.
3. ലോകജനസംഖ്യയുടെ 25 ശതമാനമുള്ള ഒന്നാംലോകം (പ്രധാനമായും ഉത്തര അമേരിക്കയും പടിഞ്ഞാറൻ യൂറോപ്പുമുൾപ്പെടുന്ന വികസിത വ്യവസായവൽകൃത രാഷ്ട്രങ്ങൾ) ലോകത്തിലെ വ്യവസായങ്ങളുടെ 36 ശതമാനത്തിന്റെ ഉടമസ്ഥരും ലോകത്തിലെ ഊർജത്തിന്റെ 80 ശതമാനം ഉപഭോക്താക്കളുമാണ്.
4. ആളോഹരി അടിസ്ഥാനത്തിൽ നോക്കിയാൽ, വികസിത വ്യവസായവൽകൃത രാജ്യങ്ങളിലെ ഒരു വ്യക്തി ഇന്ത്യയെപ്പോലെയും ചൈനയെപ്പോലെയുമുള്ള വികസ്വരരാഷ്ട്രങ്ങളിലെ ഒരാൾ ഉപയോഗിക്കുന്നതിന്റെ കുറഞ്ഞത് 3 ഇരട്ടിവെള്ളവും 10 ഇരട്ടി ഊർജവും 13 ഇരട്ടി ഇരുമ്പുരുക്കും 14 ഇരട്ടി കടലാസും ഉപയോഗിക്കുന്നു.
5. നൈജീരിയയിൽ ഗർഭസംബന്ധമായ കാരണങ്ങളാലുള്ള മരണനിരക്ക് 18 ൽ 1 ആണെങ്കിൽ കാനഡയിൽ ഇത് 8700 ൽ 1 ആണ്.
6. പെട്രോൾ, കൽക്കരി മുതലായവ എരിയുന്നതിൽ നിന്നും സൃഷ്ടിക്കപ്പെടുന്ന കാർബൺ ഡയോക്സൈഡിന്റെ ആഗോളതലത്തിലുള്ള പുറന്തള്ളലിന്റെ മൂന്നിൽ രണ്ടു ഭാഗത്തിന്റെ ഉത്തരവാദിത്വം ഒന്നാംലോകത്തിലെ വ്യവസായവൽകൃത രാജ്യങ്ങളുടേതാണ്. അമ്ല മഴയ്ക്ക് കാരണമാകുന്ന സൾഫറിന്റെയും നൈട്രജൻ ഡയോക്സൈഡിന്റെയും പുറന്തള്ളലിന്റെ നാലിൽ മൂന്നുഭാഗത്തിന്റെയും ഉത്തരവാദിത്വവും ഇവർക്കുതന്നെ. മലിനീകരണത്തിന്റെ കാര്യത്തിൽ ഉയർന്ന നിരക്കുള്ള പല വ്യവസായശാലകളും വികസിത രാജ്യങ്ങളിൽ നിന്ന് അല്പ വികസിത രാജ്യങ്ങളിലേക്ക് പറിച്ചു നടപ്പെടുന്നു.

(ഉറവിടം : ഹ്യൂമൻ ഡവലപ്മെന്റ് റിപ്പോർട്ട്, 2005, യു.എൻ.ഡി.പി)

## ഇന്ത്യയിലെ സാമ്പത്തിക അസമത്വങ്ങൾ

ഗാർഹിക സൗകര്യങ്ങളെയും ആസ്തികളെയും കുറിച്ച് 2001-ൽ നടത്തിയ ഇന്ത്യൻ കാനേഷുമാരിയിൽ (സെൻസസ്) നിന്നുള്ള ചില കണ്ടെത്തലുകൾ ഇവിടെ നല്കിയിരിക്കുന്നു. ഈ കണക്കുകൾ നിങ്ങൾ മനഃപാഠമാക്കേണ്ടതില്ല. നഗര - ഗ്രാമ തലങ്ങളിലെ അസന്തുലിതാവസ്ഥയുടെ വ്യാപ്തി മനസ്സിലാക്കുവാൻ വേണ്ടി മാത്രം വായിക്കുക. നിങ്ങളുടെ സ്വന്തം കുടുംബം ഏത് സ്ഥാനത്തായിരിക്കും?

| താഴെപ്പറയുന്നവ ലഭ്യമായ കുടുംബങ്ങൾ | ഗ്രാമത്തിലെ കുടുംബങ്ങൾ | നഗരത്തിലെ കുടുംബങ്ങൾ | x അല്ലെങ്കിൽ ✓ യിലൂടെ നിങ്ങളുടെ കുടുംബത്തിന്റെ അവസ്ഥയെ അടയാളപ്പെടുത്തുക |
|---|---|---|---|
| വൈദ്യുതി | 44% | 88% | |
| വീട്ടിൽ പൈപ്പ് വെള്ളം | 10% | 50% | |
| വീട്ടിൽ ശുചിമുറി | 23% | 70% | |
| ടെലിവിഷൻ | 19% | 64% | |
| സ്കൂട്ടർ / മോപ്പഡ് / മോട്ടർ സൈക്കിൾ | 7% | 25% | |
| കാർ / ജീപ്പ് / വാൻ | 1% | 6% | |




ആരും എതിർക്കാത്ത അസമത്വങ്ങൾ നമുക്കു ചുറ്റുമുള്ളപ്പോൾ ആഗോള അസമത്വത്തെകുറിച്ചോ ദേശീയ അസമത്വത്തെകുറിച്ചോ സംസാരിക്കുന്നതെന്തിന്? എന്റെ മാതാപിതാക്കൾ എന്നെ അപേക്ഷിച്ച് എന്റെ സഹോദരനോട് കാണിക്കുന്ന പരിഗണന മാത്രം നോക്കുക!

ഇതൊരു വിരോധാഭാസമാണ്. ഏതാണ്ടെല്ലാവരും സമത്വമെന്ന ആശയത്തെ അംഗീകരിക്കുന്നു. എന്നാലും എല്ലായിടത്തും നാം കണ്ടുമുട്ടുന്നത് അസമത്വത്തെയാണ്. അസന്തുലിതമായ സമ്പത്ത്, അവസരങ്ങൾ, തൊഴിൽ സാഹചര്യങ്ങൾ, അധികാരം എന്നിവയുടെ ഒരു സങ്കീർണ ലോകത്താണ് നാം ജീവിക്കുന്നത്. ഇത്തരത്തിലുള്ള അസമത്വങ്ങളെക്കുറിച്ച് നാം ഉത്കണ്ഠപ്പെടാറുണ്ടോ? മനുഷ്യരുടെ ശേഷിയുടെയും പ്രതിഭയുടെയും അന്തരങ്ങളെ പ്രതിഫലിപ്പിക്കുന്നതും അതുപോലെതന്നെ അവർ സാമൂഹ്യപുരോഗതിക്കും അഭിവൃദ്ധിക്കും നല്കുന്ന വ്യത്യസ്ത സംഭാവനകളെ കാണിക്കുന്നതുമായ സാമൂഹ്യജീവിതത്തിന്റെ സ്വാഭാവികവും ഒഴിവാക്കാനാകാ ത്തതുമായ സവിശേഷതകളാണോ ഈ അസമത്വങ്ങൾ? അതോ, നമ്മുടെ സാമൂഹികപദവികളുടെയും ചട്ടങ്ങളുടെയും പരിണിതഫലമാണോ ഈ അസമത്വങ്ങൾ? വർഷങ്ങളോളം ലോകത്തെമ്പാടുമുള്ള ജനങ്ങളെ ആശങ്കയിലാഴ്ത്തിയ ചോദ്യങ്ങളാണിവ.

ഇത്തരത്തിലുള്ള ഒരു ചോദ്യമാണ് സമത്വത്തെ സാമൂഹ്യരാഷ്ട്രീയ സിദ്ധാന്തങ്ങളുടെ കേന്ദ്രപ്രമേയങ്ങളിലൊന്നാക്കുന്നത്. എന്താണ് സമത്വം എന്നതുകൊണ്ട് അർഥമാക്കുന്നത്. എന്ന തരത്തിലുള്ള നിരവധി ചോദ്യങ്ങൾ തന്നെ ഒരു രാഷ്ട്രീയസിദ്ധാന്ത വിദ്യാർഥി അഭിമുഖീകരിക്കേണ്ടതുണ്ട്. പ്രകടമായ രീതിയിൽ നാം വ്യത്യസ്തരായിരിക്കെ നാം തുല്യരാണെന്ന് പറയുന്നതിന്റെ അർഥമെന്താണ്? സമത്വമെന്ന ആദർശത്തിലൂടെ നാം എന്തുനേടുവാനാണ് ശ്രമിക്കുന്നത്? വരുമാനത്തിലും പദവിയിലുമുള്ള എല്ലാ അന്തരങ്ങളെയും തുടച്ചുമാറ്റുവാനാണോ നാം ശ്രമിക്കുന്നത്? മറ്റൊരുതരത്തിൽ പറഞ്ഞാൽ ഏതുതരം സമത്വമാണ് നാം പിന്തുടരുന്നത്? ആർക്കുവേണ്ടിയാണിത്? സമത്വമെന്ന ആശയത്തെ സംബന്ധിച്ച് ഉന്നയിക്കപ്പെട്ടതും നാം ഇവിടെ കണക്കിലെടുക്കേണ്ടതുമായ മറ്റുചില ചോദ്യങ്ങളിവയാണ്: സമത്വത്തെ പ്രോൽസാഹിപ്പിക്കുവാൻ നാം എല്ലായ്പ്പോഴും എല്ലാ വ്യക്തികളെയും കൃത്യമായി ഒരുപോലെ പരിഗണിക്കണമോ? ഏത് വ്യത്യസ്തപരിഗണന അല്ലെങ്കിൽ പ്രതിഫലമാണ് സ്വീകാര്യം അല്ലെങ്കിൽ അസ്വീകാര്യം എന്ന് ഒരു സമൂഹം തീരുമാനിക്കുന്നതെങ്ങനെയാണ്? കൂടാതെ, ഒരു സമത്വാധിഷ്ഠിതമായ സമൂഹത്തെ സൃഷ്ടിക്കുവാൻ ഏതുതരം നയങ്ങളാണ് നാം പിന്തുടരേണ്ടത്?

## എന്താണ് സമത്വം? (WHAT IS EQUALITY?)

സൂചനാഫലകങ്ങൾ ഒന്നുനോക്കുക.




മനുഷ്യർക്കിടയിൽ വർഗത്തിന്റെയും നിറത്തിന്റെയും അടിസ്ഥാനത്തിൽ വേർതിരിവ് ഉണ്ടാക്കുന്നവയാണ് ഇവയെല്ലാം. നമ്മളിലെ ബഹുഭൂരിപക്ഷത്തിനും ഇവയൊന്നും സ്വീകാര്യമല്ല. മനുഷ്യരെല്ലാവരും ഒരു പൊതുവർഗമായതിനാൽ എല്ലാ മനുഷ്യർക്കും തുല്യആദരവിനും തുല്യപരിഗണനയ്ക്കും അർഹതയുണ്ടെന്നാണ് സമത്വം നമ്മോട് പറയുന്നത്. വാസ്തവത്തിൽ ഇത്തരം വേർതിരിവുകൾ സമത്വത്തെക്കുറിച്ചുള്ള നമ്മുടെ ഈ സാമാന്യധാരണയെപ്പോലും തകർക്കുന്നവയാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും, ജനങ്ങളെ തുല്യബഹുമാനത്തോടെ പരിഗണിയ്ക്കുക എന്നതിന്റെ അർഥം എല്ലാവരെയും എല്ലായ്പ്പോഴും സമാനമായി പരിഗണിക്കുക എന്നതാകണമെന്നില്ല. ഒരു സമൂഹവും അതിലെ എല്ലാ അംഗങ്ങളെയും എല്ലാ സാഹചര്യങ്ങളിലും സമാനമായി പരിഗണിക്കുന്നില്ല. സമൂഹത്തിന്റെ സുഗമമായ പ്രവർത്തനത്തിന് തൊഴിലിന്റെയും ചുമതലകളുടെയും വിഭജനം ആവശ്യമാണ്. ഇത്തരം വിഭജനംമൂലം ലഭിക്കുന്ന വ്യത്യസ്ത പദവികളും പ്രതിഫലങ്ങളും ജനങ്ങളനുഭവിക്കുന്നു. ചില സാഹചര്യങ്ങളിൽ ഇങ്ങനെയുള്ള വ്യത്യസ്ത പരിഗണന സ്വീകാര്യമാണെന്നുമാത്രമല്ല ആവശ്യവുമാണ്. ഉദാഹരണത്തിന്, തങ്ങൾക്ക് ലഭിച്ചിരിക്കുന്ന പദവികൾ ദുരുപയോഗപ്പെടുത്തുന്നില്ലെങ്കിൽ പ്രധാനമന്ത്രിമാർക്കും പട്ടാളമേധാവികൾക്കും നൽകപ്പെടുന്ന പ്രത്യേക ഔദ്യോഗികപദവിയും സ്ഥാനവും സമത്വമെന്ന ആശയത്തിന് എതിരാണെന്ന തോന്നൽ നമുക്കുണ്ടാക്കാറില്ല. എന്നാൽ, മറ്റു ചില രീതിയിലുള്ള അസമത്വങ്ങൾ അനീതിയായി തോന്നിയേക്കാം. ഉദാഹരണത്തിന്, ചേരിയിൽ ജനിച്ച ഒരു കുട്ടിക്ക് അവന്റെ അല്ലെങ്കിൽ അവളുടെ സ്വന്തം കുറ്റം കൊണ്ടല്ലാതെ പോഷകാഹാരവും നല്ല വിദ്യാഭ്യാസവും നിഷേധിക്കപ്പെട്ടാൽ അത് നമുക്ക് അനീതിയായി തോന്നിയേക്കാം.


ഏതൊക്കെ വേർതിരിവുകളും വ്യത്യാസങ്ങളുമാണ് സ്വീകാര്യമായവ, ഏതെല്ലാമാണ് അസ്വീകാര്യമായവ എന്നതാണ് ഇവിടെ ഉയർന്നുവരുന്ന ചോദ്യം. ഒരു പ്രത്യേക മതത്തിലോ വർഗത്തിലോ ജാതിയിലോ ലിംഗത്തിലോ ജനിച്ചു എന്ന കാരണത്താൽ ജനങ്ങളെ വ്യത്യസ്തമായി പരിഗണിക്കുമ്പോൾ അതിനെ അസമത്വത്തിന്റെ അസ്വീകാര്യമായ ഒരു രൂപമായി നാം കണക്കാക്കുന്നു. എന്നാൽ മനുഷ്യർ വ്യത്യസ്തങ്ങളായ ആഗ്രഹങ്ങളെയും ലക്ഷ്യങ്ങളെയും പിന്തുടരുവാനിടയുണ്ട്. അതിൽ എല്ലാവരും തുല്യവിജയം നേടണമെന്നില്ല. ഓരോരുത്തരും തങ്ങളാൽ കഴിയുന്ന രീതിയിൽ അഭിവൃദ്ധിപ്പെടുന്നകാലത്തോളം സമത്വം അട്ടിമറിക്കപ്പെടുന്നതായി കരുതേണ്ടതില്ല. ചിലർ വൈദഗ്ധ്യമുള്ള സംഗീതജ്ഞരായിത്തീരുമ്പോൾ മറ്റുള്ളവർ അവരെപ്പോലെ മികച്ചവരാകണമെന്നില്ല. ചിലർ പേരുകേട്ട ശാസ്ത്രജ്ഞർ ആയിത്തീരുമ്പോൾ വേറെ ചിലർ കൂടുതൽ അറിയപ്പെടുന്നത് കഠിനാധ്വാനത്തിന്റെയും മനഃസാക്ഷിക്കനുസരിച്ച് പ്രവർത്തിക്കുന്നതിന്റെയും പേരിലായിരിക്കും. സമത്വമെന്ന ആദർശത്തോടുള്ള പ്രതിബദ്ധത എന്നതിന് എല്ലാത്തരത്തിലുമുള്ള വ്യത്യാസങ്ങളെ ഉന്മൂലനം ചെയ്യുക എന്ന അർഥമില്ല. നമുക്ക് ലഭിക്കുന്ന പരിഗണനയും നാം അനുഭവിക്കുന്ന അവസരങ്ങളും ജനനം, സാമൂഹ്യ സാഹചര്യങ്ങൾ എന്നിവയാൽ മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതാകരുതെന്ന് മാത്രമാണ് ഇതർഥമാക്കുന്നത്.

## അവസര സമത്വം (Equality of Opportunities)

മനുഷ്യരെന്ന നിലയിൽ എല്ലാവർക്കും അവരുടെ കഴിവും നൈപുണിയും വികസിപ്പിക്കുവാനും അവരുടെ ലക്ഷ്യവും ആഗ്രഹങ്ങളും പിന്തുടരുവാനും സമാനമായ അവകാശങ്ങൾക്കും അവസരങ്ങൾക്കും അർഹതയുമുണ്ടെന്നാണ് സമത്വമെന്ന ആശയം സൂചിപ്പിക്കുന്നത്. ഒരു സമൂഹത്തിലെ ജനങ്ങൾ അവരുടെ തെരഞ്ഞെടുക്കലുകളിലും മുൻഗണനകളിലും വ്യത്യസ്തരായിരിക്കുമെന്നാണ് ഇതിന്റെ അർഥം. ജനങ്ങളുടെ കഴിവും നൈപുണികളും വ്യത്യസ്തമായതിനാൽ ഒരേ മേഖല തിരഞ്ഞെടുത്തവരിൽ ചിലർ അതേ മേഖലയിലുള്ള മറ്റുള്ളവരേക്കാൾ വിജയികളായെന്ന് വരാം. ചിലർ മാത്രമാണ് അതിസമർഥരായ ക്രിക്കറ്റ് കളിക്കാർ അല്ലെങ്കിൽ മികച്ച അഭിഭാഷകർ ആകുന്നത് എന്നതുകൊണ്ടുമാത്രം സമൂഹത്തിൽ അസമത്വമുണ്ടെന്ന് കരുതരുത്. മറ്റൊരുരീതിയിൽ പറഞ്ഞാൽ, പദവി, ധനം അല്ലെങ്കിൽ വിശേഷാധികാരം എന്നിവയിലെ അസമത്വമല്ല പ്രധാനകാര്യം മറിച്ച് അവശ്യസാധനങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ, സുരക്ഷിതപാർപ്പിടം എന്നിവ ജനങ്ങൾക്ക് ലഭ്യമാകുന്നതിലെ അസമത്വമാണ് ഒരു സമൂഹത്തെ നീതിരഹിതവും അസന്തുലിതവുമാക്കുന്നത്.

## സ്വാഭാവികവും സാമൂഹികവുമായ അസമത്വങ്ങൾ (Natural and Social Inequalities)

ചിലപ്പോഴൊക്കെ രാഷ്ട്രീയസിദ്ധാന്തത്തിൽ സ്വാഭാവിക അസമത്വങ്ങളെന്നും സാമൂഹ്യനിർമിതമായ അസമത്വങ്ങളെന്നുമുള്ള വേർതിരിവുകൾ ഉണ്ടായിട്ടുണ്ട്. ജനങ്ങളുടെ കഴിവിലും പ്രതിഭയിലുമുള്ള വ്യത്യസ്തതയുടെ ഫലമായി അവർക്കിടയിൽ ഉയർന്നുവരുന്നതാണ് സ്വാഭാവിക അസമത്വങ്ങൾ. അവസര സമത്വത്തിന്റെ അഭാവവും സമൂഹത്തിലെ ചില വിഭാഗങ്ങളെ മറ്റുചിലർ ചൂഷണം ചെയ്യുന്നതിന്റെ ഫലമായി ഉയർന്നുവരുന്ന സാമൂഹ്യനിർമിത അസമത്വം സ്വാഭാവിക അസമത്വത്തിൽ നിന്നും വ്യത്യസ്തമാണ്.



ജനങ്ങൾക്ക് ജന്മനാ ലഭിക്കുന്ന വ്യത്യസ്തമായ സ്വഭാവ സവിശേഷത കളുടെയും കഴിവുകളുടെയും ഫലമാണ് സ്വഭാവിക അസമത്വങ്ങൾ എന്ന് കരുതപ്പെടുന്നു. സ്വഭാവികമായ അസമത്വങ്ങളെ മാറ്റാനാവില്ല എന്ന് സാധാരണയായി അനുമാനിക്കപ്പെടുന്നു. മറിച്ച്, സാമൂഹിക അസമത്വങ്ങൾ സമൂഹം സൃഷ്ടിക്കുന്നവയാണ്. ഉദാഹരണത്തിന്, ചില സമൂഹങ്ങൾ ബൗദ്ധിക ജോലികൾ ചെയ്യുന്നവർക്ക് ശാരീരികജോലികൾ ചെയ്യുന്നവരേക്കാൾ കൂടുതൽ വില കല്പിക്കുകയും ഉയർന്നപ്രതിഫലം നല്കുകയും ചെയ്യുന്നു. വ്യത്യസ്ത വർഗത്തിലോ വർണത്തിലോ ലിംഗത്തിലോ അല്ലെങ്കിൽ ജാതിയിലോ ഉൾപ്പെട്ട വരെ ഇത്തരം സമൂഹങ്ങൾ വ്യത്യസ്തമായി പരിഗണിക്കുന്നു. ഇത്തരത്തിലുള്ള വ്യത്യാസങ്ങൾ ഒരു സമൂഹത്തിന്റെ മൂല്യങ്ങളെ പ്രതിഫലിപ്പിക്കുന്നു. ഇവയിൽ ചിലത് നീതിയുക്തമല്ലാത്തതാണെന്ന് തീർച്ചയായും നമുക്ക് ബോധ്യപ്പെടും.

ഈ വേർതിരിവ് സമൂഹത്തിലെ സ്വീകാര്യമായ അസമത്വങ്ങളെയും നീതിരഹിതമായ അസമത്വങ്ങളെയും തിരിച്ചറിയുവാൻ ചിലപ്പോഴൊക്കെ നമ്മെ സഹായിക്കുന്നു. എന്നാൽ ഇത് എല്ലായ്പ്പോഴും വ്യക്തവും സ്വതഃസിദ്ധവു മാകണമെന്നില്ല. ജനങ്ങളെ പരിഗണിക്കുന്നതിലെ ചില അസമത്വങ്ങൾ ദീർഘകാലം നിലനിൽക്കുമ്പോൾ അവ ന്യായീകരിക്കാവുന്നതാണ് എന്ന് നമുക്കു തോന്നിയേക്കാം. കാരണം അവ സ്വഭാവിക അസമത്വത്തിന്റെ അടിസ്ഥാന ത്തിലുള്ളതാണ്. അതായത് ഇത്തരം അസമത്വങ്ങൾ ജന്മനാ ഉള്ളതും പെട്ടെന്നു മാറ്റാൻ കഴിയാത്തതുമായ സവിശേഷതകളോടു കൂടിയതുമാണ്. ഉദാഹ രണത്തിന്, 'ദുർബലർ' എന്ന് ദീർഘകാലം വിശേഷിപ്പിക്കപ്പെട്ട സ്ത്രീകളെ പ്രത്യേക സംരക്ഷണം ആവശ്യമുള്ള ഭീരുക്കളായും പുരുഷൻമാരേക്കാൾ ബുദ്ധികുറഞ്ഞവരായും കരുതിയിരുന്നു. ഇക്കാരണത്താൽ, സ്ത്രീകൾക്ക് തുല്യ അവകാശങ്ങൾ നിഷേധിക്കുന്നതിന് ന്യായീകരണമുണ്ടെന്ന് കരുതപ്പെട്ടു. ആഫ്രിക്കയിലെ കറുത്തവർഗക്കാരെ ബുദ്ധികുറഞ്ഞവരും കുട്ടിത്തം മാറാത്ത വരും ശാരീരിക അധ്വാനത്തിനും, സംഗീതം, കായികമത്സരങ്ങൾ എന്നിവയ്ക്കും മാത്രം ഉചിതരും എന്നാണ് അവരുടെ കൊളോണിയൽ യജമാനൻമാർ കണക്കാക്കിയിരുന്നത്. അടിമത്തംപോലുള്ള സ്ഥാപനങ്ങളെ ന്യായീകരിക്കുവാൻ ഈ വിശ്വാസം ഉപയോഗിക്കപ്പെട്ടു. ഇത്തരം വിലയിരുത്തലുകളെല്ലാം ഇന്ന് ചോദ്യം ചെയ്യപ്പെടുന്നു. ജനങ്ങളുടെയും രാഷ്ട്രങ്ങളുടെയും അധികാരത്തിന്റെ വ്യത്യാസങ്ങൾമൂലം സമൂഹം സൃഷ്ടിച്ച വേർതിരിവുകളായിട്ടാണ് ഇവയെ ഇപ്പോൾ കാണുന്നത്. അല്ലാതെ ഇത്തരം വേർതിരിവുകൾ ജന്മസിദ്ധമായ സ്വഭാവസവിശേഷതകളുടെ അടിസ്ഥാനത്തിലുള്ളവയല്ല.

സ്വാഭാവികവ്യത്യാസങ്ങൾ എന്ന ആശയത്തെ സംബന്ധിച്ച് ഉയർന്നു വരുന്ന മറ്റൊരു സംഗതി സ്വാഭാവികമെന്ന് കരുതപ്പെടുന്ന ചില വ്യത്യാസങ്ങൾ ഇനിയൊരിക്കലും മാറ്റാനാവാത്തതായി കാണേണ്ടതില്ല എന്നതാണ്.

ഉദാഹരണത്തിന്, വൈദ്യശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും വളർച്ച ശാരീരിക പരിമിതിയുള്ള ധാരാളം ജനങ്ങളെ വളരെ കാര്യക്ഷമമായി സമൂഹത്തിൽ പ്രവർത്തിക്കുവാൻ സഹായിക്കുന്നുണ്ട്. ഇന്ന്, കമ്പ്യൂട്ടറുകൾക്ക് അന്ധരായവരെ സഹായിക്കാൻ കഴിയും. ചക്രകസേരകളും കൃത്രിമാവയവങ്ങളും അംഗപരിമിതിയുള്ളവരെ സഹായിക്കുന്നു. സൗന്ദര്യവർധകശസ്ത്രക്രിയ (Cosmetic Surgery) യിലൂടെ ഒരു വ്യക്തിയുടെ രൂപം പോലും മാറ്റുവാൻ കഴിയും. പ്രശസ്ത ഊർജതന്ത്രജ്ഞനായിരുന്ന സ്റ്റീഫൻ ഹോക്കിംഗിന് അനങ്ങുവാനോ സംസാരിക്കുവാനോ കഴിഞ്ഞിരുന്നില്ലെങ്കിലും അദ്ദേഹത്തിന് ശാസ്ത്രരംഗത്ത് വലിയ സംഭാവനകൾ നല്കുവാൻ കഴിഞ്ഞു. ശാരീരിക പരിമിതിയുള്ള ആളുകൾക്ക് അത് മറികടക്കുവാൻ ഉതകുന്ന സഹായങ്ങൾ നിഷേധിക്കപ്പെടുകയോ സ്വാഭാവികമായ കുറഞ്ഞ ശേഷിയുടെ അടിസ്ഥാനത്തിൽ അവർ ചെയ്യുന്ന ജോലിക്ക് ന്യായമായ വേതനം നല്കാതിരിക്കുകയോ ചെയ്യുന്നത് അനീതിയാണെന്ന് ഇന്ന് ഭൂരിപക്ഷം ആളുകളും കരുതുന്നു.

ഇത്തരം സങ്കീർണതകൾ കാരണം സ്വാഭാവിക/സാമൂഹ്യനിർമിതമായ വ്യത്യാസങ്ങൾ ഒരു സമൂഹത്തിന്റെ നിയമങ്ങളും നയങ്ങളും വിലയിരുത്തുവാനുള്ള ഒരു മാനദണ്ഡമായി ഉപയോഗിക്കുന്നത് ബുദ്ധിമുട്ടായിരിക്കും. ഈ കാരണത്താൽ ഇന്ന്, നമ്മുടെ തിരഞ്ഞെടുക്കലുകളിൽ നിന്നുമുണ്ടാകുന്ന അസമത്വവും ഒരു വ്യക്തി ജനിച്ച കുടുംബം അല്ലെങ്കിൽ സാമൂഹ്യപശ്ചാത്തലം എന്നിവയുടെ അടിസ്ഥാനത്തിൽ ഉയർന്നുവരുന്ന അസമത്വവും തമ്മിൽ വ്യത്യാസപ്പെടുത്താനാണ് പല സൈദ്ധാന്തികരും ശ്രമിയ്ക്കുന്നത്. സമത്വത്തിന്റെ വക്താക്കളെ ഉത്കണ്ഠപ്പെടുത്തുന്നതും അവർ ലഘൂകരിക്കണമെന്നും ഉന്മൂലനം ചെയ്യണമെന്നും ആഗ്രഹിക്കുന്നതുമായ അസമത്വം ഇപ്പറഞ്ഞതിൽ രണ്ടാമത്തേതാണ്.

### 3.3 സമത്വത്തിന്റെ മൂന്നു മാനങ്ങൾ (Three Dimensions of Equality)

ഏതുതരത്തിലുള്ള സാമൂഹ്യവ്യത്യസ്തതകളാണ് സമൂഹത്തിൽ അസ്വീകാര്യം എന്ന കാര്യം പരിഗണിച്ചശേഷം സമൂഹത്തിൽ നാം പിന്തുടരുവാനോ നടപ്പിലാക്കുവാനോ ആഗ്രഹിക്കുന്ന സമത്വത്തിന്റെ വിവിധമാനങ്ങൾ ഏതെല്ലാമാണെന്ന് നാം കണ്ടെത്തണം. സമൂഹത്തിൽ നിലനിൽക്കുന്ന വിവിധ അസമത്വങ്ങളെ കണ്ടെത്തിക്കൊണ്ട് വിവിധചിന്തകരും ആശയങ്ങളും സമത്വത്തിന്റെ രാഷ്ട്രീയം, സാമൂഹ്യം, സാമ്പത്തികം എന്നീ മൂന്നു പ്രധാനമാനങ്ങളെ ഉയർത്തിക്കാട്ടുകയുണ്ടായി. സമത്വത്തിന്റെ ഈ മൂന്ന് വ്യത്യസ്ത മാനങ്ങൾ ഓരോന്നിനെയും അഭിസംബോധനചെയ്തുകൊണ്ട് മാത്രമേ നമുക്ക് കൂടുതൽ നീതിപൂർവകവും സമത്വപൂർണവുമായ ഒരു സമൂഹത്തിലേക്ക് മുന്നേറാൻ കഴിയൂ.

### രാഷ്ട്രീയ സമത്വം (Political Equality)

ജനാധിപത്യസമൂഹങ്ങളിൽ സാധാരണയായി രാഷ്ട്രീയ സമത്വം എന്നാൽ രാഷ്ട്രത്തിലെ എല്ലാ അംഗങ്ങൾക്കും തുല്യമായ പൗരത്വം നൽകുന്നതാണ്. തുല്യ പൗരത്വത്തോടൊപ്പം വോട്ടവകാശം, ആവിഷ്കാരസ്വാതന്ത്ര്യം, സഞ്ചരിക്കുവാനും സംഘടിക്കാനുമുള്ള സ്വാതന്ത്ര്യം, വിശ്വാസത്തിനുള്ള സ്വാതന്ത്ര്യം എന്നിങ്ങനെയുള്ള ചില അടിസ്ഥാനാവകാശങ്ങൾ കൂടിയുണ്ട്. ഇതിനെക്കുറിച്ച് നിങ്ങൾക്ക് പൗരത്വമെന്ന അദ്ധ്യായത്തിൽ വായിക്കാവുന്നതാണ്. സ്വയംവികാസത്തിനും രാഷ്ട്രകാര്യങ്ങളിൽ പങ്കെടുക്കുവാനും പൗരൻമാരെ പ്രാപ്തരാക്കുന്നതിന് അനിവാര്യമാണെന്ന് കരുതപ്പെടുന്നവയാണ് ഈ അവകാശങ്ങൾ. ഭരണഘടനയും നിയമങ്ങളും ഉറപ്പുനല്കുന്ന നിയമപരമായ അവകാശങ്ങളാണിവ. എല്ലാ പൗരൻമാർക്കും തുല്യാവകാശങ്ങൾ അനുവദിക്കപ്പെട്ടിരിക്കുന്ന രാജ്യങ്ങളിൽപ്പോലും കാര്യമായ അസമത്വങ്ങൾ നിലനിൽക്കുന്നു എന്ന് നമുക്കറിയാം. സാമൂഹികസാമ്പത്തികമണ്ഡലങ്ങളിൽ പൗരൻമാർക്ക് ലഭ്യമാകുന്ന വിഭവങ്ങളുടെയും അവസരങ്ങളുടെയും അന്തരമാണ് പലപ്പോഴും ഇത്തരം അസമത്വങ്ങൾക്ക് കാരണം. ഈ കാരണത്താൽ പലപ്പോഴും തുല്യ അവസരങ്ങൾക്ക് അല്ലെങ്കിൽ എല്ലാവർക്കും വിജയിക്കാനാവുന്ന തുല്യവും നീതിയുക്തവുമാകുന്ന സാഹചര്യങ്ങൾ (a level playing field) ക്കുവേണ്ടിയുള്ള ആവശ്യം ഉയർന്നുവരാറുണ്ട്. എന്നാൽ, രാഷ്ട്രീയവും നിയമപരവുമായ സമത്വം കൊണ്ട് മാത്രം നീതിയുക്തവും സമത്വപൂർണവുമായ ഒരു സമൂഹത്തെ നിർമിക്കുവാൻ കഴിയില്ല. എങ്കിലും ഇത്തരമൊരു സമൂഹത്തിന്റെ കെട്ടിപ്പടുക്കലിന് രാഷ്ട്രീയ സമത്വം ഒരു അനിവാര്യഘടകമാണെന്നുള്ള കാര്യം നമുക്ക് വിസ്മരിക്കാവുന്നതല്ല.

### സാമൂഹ്യസമത്വം (Social Equality)

രാഷ്ട്രീയസമത്വം അഥവാ നിയമത്തിനു മുമ്പിലെ സമത്വം എന്നത് സമത്വം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങളുടെ ആദ്യത്തേതും പ്രധാനപ്പെട്ടതുമായ ചുവടുവയ്പ്പാണെങ്കിലും സമത്വം നേടണമെങ്കിൽ അതിനനുബന്ധമായി അവസരസമത്വവും ഉണ്ടാകേണ്ടതാണ്. ഗവൺമെന്റിൽ തങ്ങളുടെ ശബ്ദം ഉയർത്തുവാനുള്ള ജനങ്ങളുടെ ശ്രമങ്ങളെ ഒഴിവാക്കുന്ന നിയമപരമായ തടസങ്ങൾ നീക്കംചെയ്യുന്നതിനും സാമൂഹികവിഭവങ്ങൾ ജനങ്ങൾക്ക് നിഷേധിക്കുന്നത് തടയുവാനും രാഷ്ട്രീയസമത്വം അനിവാര്യമാണ്. അതേസമയം സമത്വം സംസ്ഥാപിക്കണമെങ്കിൽ സാമൂഹികവിഭവങ്ങൾക്കും അവസരങ്ങൾക്കും വേണ്ടി മത്സരിക്കുവാനുള്ള ന്യായവും തുല്യവുമായ അവസരങ്ങൾ എല്ലാ വ്യത്യസ്ത വിഭാഗങ്ങളിലും സമുദായങ്ങളിലുംപെട്ട ജനങ്ങൾക്കുണ്ടായിരിക്കണം. ഇതിനായി സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങൾ കുറയ്ക്കുകയും മറ്റു കാര്യങ്ങൾക്കൊപ്പം മതിയായ ആരോഗ്യ പരിരക്ഷ, നല്ല വിദ്യാഭ്യാസത്തിനുള്ള അവസരം, മതിയായ പോഷകാഹാരം, നിശ്ചിത വേതനം (minimum wages) തുടങ്ങിയ അടിസ്ഥാനജീവിതസൗകര്യങ്ങൾ

### അസമത്വം വിദ്യാഭ്യാസത്തിൽ

താഴെ തന്നിരിക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്ന വിവിധസമുദായങ്ങളുടെ വിദ്യാഭ്യാസ നേട്ടത്തിലെ വ്യത്യാസങ്ങൾ പ്രാധാന്യമർഹിക്കുന്നതാണോ? ഈ വ്യത്യാസങ്ങൾ വെറും സാന്ദർഭികമായി സംഭവിക്കുന്നതാണോ? അല്ലെങ്കിൽ ജാതിസമ്പ്രദായത്തിന്റെ പ്രവർത്തനത്തെയാണോ ഈ വ്യത്യാസങ്ങൾ ചൂണ്ടിക്കാട്ടുന്നത്? ജാതിവ്യവസ്ഥയല്ലാതെ മറ്റേത് ഘടകമാണ് ഇവിടെ സ്വാധീനിക്കുന്നതായി നിങ്ങൾ മനസിലാക്കുന്നത്?

നഗര ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസത്തിലുള്ള ജാതി - സമുദായ അസമത്വങ്ങൾ

| ജാതി/സമുദായങ്ങൾ | ബിരുദധാരികൾ 1000-ൽ |
|---|---|
| പട്ടിക ജാതി | 47 |
| മുസ്ലിം | 61 |
| ഹിന്ദു - ഒ.ബി.സി | 86 |
| പട്ടിക വർഗം | 109 |
| ക്രിസ്ത്യൻ | 237 |
| സിഖ് | 250 |
| ഹിന്ദു - ഉന്നത ജാതി | 253 |
| മറ്റു മതക്കാർ | 315 |
| ഇന്ത്യയിലെ ശരാശരി | **155** |

*ഉറവിടം :*

*നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ, 55th റൗണ്ട് സർവേ 1999-2000*

സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും ഉറപ്പു നല്കുകയും വേണം. ഇത്തരം സൗകര്യങ്ങളുടെ അഭാവത്തിൽ സമൂഹത്തിലെ എല്ലാ അംഗങ്ങളും തുല്യ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മത്സരിക്കുകയെന്നത് അങ്ങേയറ്റം ദുഷ്കരമാണ്. അവസര സമത്വം ഇല്ലാത്തിടത്ത് മാനവശേഷിയുടെ മഹാസാധ്യതകൾ ഒരു സമൂഹത്തിന് നഷ്ടമായേക്കാം.

ഇന്ത്യയിൽ തുല്യ അവസരങ്ങളുമായി ബന്ധപ്പെട്ട ഒരു പ്രത്യേക പ്രശ്നം ഉത്ഭവിക്കുന്നത് സൗകര്യങ്ങളുടെ അഭാവത്തിൽ നിന്നു മാത്രമല്ല മറിച്ച് രാജ്യത്തിന്റെ വ്യത്യസ്ത മേഖലകളിൽ അല്ലങ്കിൽ, വ്യത്യസ്ത വിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന ചില ആചാരങ്ങളിൽ നിന്നു കൂടിയാണ്. ഉദാഹരണത്തിന്, ചില വിഭാഗങ്ങൾക്കിടയിൽ പാരമ്പര്യസ്വത്തിന് സ്ത്രീകൾക്ക് തുല്യാവകാശമില്ല അല്ലങ്കിൽ ചിലതരം പ്രവൃത്തികളിൽ ഏർപ്പെടുവാൻ സ്ത്രീകൾക്ക് സാമൂഹ്യ വിലക്കുകളുണ്ട്. ഉന്നത വിദ്യാഭ്യാസം നേടുന്നതിൽ നിന്നുപോലും സ്ത്രീകളെ നിരുൽസാഹപ്പെടുത്തുന്നു. ഇക്കാര്യങ്ങളിൽ രാഷ്ട്രത്തിനു ചില പ്രധാനപ്പെട്ട ഇടപെടലുകൾ നടത്താവുന്നതാണ്. പൊതുസ്ഥലങ്ങളിലും തൊഴിലിടങ്ങളിലും സ്ത്രീകൾക്ക് നേരെ ഉണ്ടാകുന്ന വിവേചനങ്ങളും പീഡനങ്ങളും തടയുവാനും അവരുടെ ഉന്നമനത്തിനായി സ്ത്രീ വിദ്യാഭ്യാസം, ചില പ്രത്യേകതൊഴിലുകൾ എന്നിവ ആരംഭിക്കുവാനുമുള്ള നയങ്ങളും അതിനു രൂപീകരിക്കാവുന്നതാണ്. സ്ത്രീകളെ ബോധവത്കരിക്കുന്നതിലും തങ്ങളുടെ അവകാശങ്ങൾ ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നവരെ പിന്തുണയ്ക്കുന്നതിലും സാമൂഹികസംഘടനകൾക്കും വ്യക്തികൾക്കും വലിയ പങ്കുവഹിക്കാനുണ്ട്.

### സാമ്പത്തികസമത്വം (Eonomic Equality)

ലളിതമായി പറഞ്ഞാൽ സമ്പത്ത്, ആസ്തി, വരുമാനം എന്നിവയിൽ ഒരു സമൂഹത്തിലെ വ്യക്തികൾ തമ്മിലോ വർഗങ്ങൾ തമ്മിലോ കാര്യമായ വ്യത്യാസങ്ങൾ ഉണ്ടെങ്കിൽ ആ സമൂഹത്തിൽ സാമ്പത്തിക അസമത്വം നിലനിൽക്കുന്നു എന്ന് നമുക്ക് പറയാം. ഒരു സമൂഹത്തിലെ സാമ്പത്തിക അസമത്വത്തിന്റെ തോത് അളക്കുവാനുള്ള ഒരു മാർഗം ആ സമൂഹത്തിലെ ഏറ്റവും ധനികരും ഏറ്റവും ദരിദ്രരും തമ്മിലുള്ള സാമ്പത്തിക വ്യത്യാസം താരതമ്യം ചെയ്യുകയെന്നതാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്ന ജനങ്ങളുടെ എണ്ണം കണക്കാക്കുകയെന്നതാണ് മറ്റൊരു മാർഗം. സമ്പത്തിന്റെ അല്ലെങ്കിൽ വരുമാനത്തിന്റെ സമ്പൂർണസമത്വം ഒരു സമൂഹത്തിലും നിലനിന്നിരുന്നില്ല എന്നത് തീർച്ചയാണ്. ഭൂരിപക്ഷം ജനാധിപത്യരാഷ്ട്രങ്ങളും ഇന്ന് ജനങ്ങൾക്ക് തുല്യാവസരങ്ങൾ ലഭ്യമാക്കുവാൻ ശ്രമിക്കുന്നതിന്റെ കാരണം അത്തരം ശ്രമങ്ങൾ ചുരുങ്ങിയപക്ഷം കഴിവും ഇച്ഛാശക്തിയുമുള്ളവർക്ക് അവരുടെ സാഹചര്യങ്ങളെ മെച്ചപ്പെടുത്തുവാനുള്ള അവസരം നൽകുമെന്ന വിശ്വാസത്താലാണ്. തുല്യാവസരങ്ങൾ ഉണ്ടെങ്കിലും വ്യക്തികൾക്കിടയിലെ അസമത്വങ്ങൾ തുടർന്നും നിലനിൽക്കും എന്നാൽ തുല്യാവസരങ്ങൾ നൽകപ്പെടുമ്പോൾ, മതിയായ പരിശ്രമത്തിലൂടെ വ്യക്തികൾക്ക് സമൂഹത്തിലെ സ്വന്തം നില മെച്ചപ്പെടുത്തുവാനുള്ള സാധ്യതയുണ്ടായിരിക്കും.

ഉറച്ച അസമത്വങ്ങൾ അഥവാ തലമുറകളായി മാറ്റമൊന്നും സംഭവിക്കാതെ നിലനിൽക്കുന്ന അസമത്വങ്ങൾ ഒരു സമൂഹത്തിന് കൂടുതൽ ആപത്കരമാണ്. ഒരു സമൂഹത്തിലെ ചില വർഗത്തിൽപ്പെട്ട ജനങ്ങൾ തലമുറകളായി കാര്യമായ സമ്പത്തും അതോടൊപ്പമുള്ള അധികാരവും അനുഭവിച്ചുവരുകയാണെങ്കിൽ ആ സമൂഹം അധികാര വർഗങ്ങളിൽപ്പെട്ടവരെന്നും തലമുറകളായി ദരിദ്രരായ ജനങ്ങൾ എന്നുമുള്ള രീതിയിൽ വിഭജിക്കപ്പെട്ടിരിക്കും. കാലം കഴിയുമ്പോൾ ഇത്തരം വർഗവ്യത്യാസങ്ങൾ എതിർപ്പിന്റെയും അക്രമത്തിന്റെയും ഉയിർപ്പിന് കാരണമാകും. സമ്പന്നവർഗത്തിന്റെ ശക്തി കാരണം അത്തരം ഒരു സമൂഹത്തെ കൂടുതൽ തുറന്നതും സമത്വപൂർണവുമാക്കി പരിഷ്കരിക്കുക എന്നത് ശ്രമകരമാണ്.


**നമുക്ക് ചർച്ച ചെയ്യാം**

സൈന്യത്തിലെ പോരാട്ട വിഭാഗങ്ങളിൽ (Combat Unit) ചേരുവാനും ഉന്നത സ്ഥാനങ്ങൾ നേടുവാനും സ്ത്രീകൾക്ക് അവസരം നല്കണം.

നമ്മുടെ കാലത്തെ രണ്ട് പ്രധാന രാഷ്ട്രീയ ആദർശവാദങ്ങളാണ് മാർക്സിസവും ഉദാരവാദവും. പ്രധാന സാമ്പത്തികവിഭവങ്ങളായ എണ്ണ, ഭൂമി, വനം അഥവാ അതുപോലെതന്നെ മറ്റു രൂപത്തിലുള്ള ആസ്തികൾ എന്നിവയുടെ സ്വകാര്യ ഉടമസ്ഥതയാണ് ആഴത്തിൽ വേരോടിയ അസമത്വത്തിന്റെ മൂലകാരണമെന്ന് പത്തൊമ്പതാം നൂറ്റാണ്ടിലെ പ്രധാന ചിന്തകനായ മാർക്സ് വാദിച്ചു.

**Read a Cartoon**

***Racial Inequality in the United States***




A DREAM DEFERRED

*യു.എസിലെ വംശീയാസമത്വത്തെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുക. നമ്മുടെ രാജ്യത്തെ ഏതു വിഭാഗം, അല്ലെങ്കിൽ വിഭാഗങ്ങളാണ് സമാനമായ അസമത്വം കൊണ്ട് ബുദ്ധിമുട്ടനുഭവിക്കുന്നത്? ഈ അസമത്വം ലഘൂകരിക്കുവാൻ യു.എസിൽ ഏതു തരത്തിലുള്ള നടപടികൾ സ്വീകരിക്കപ്പെട്ടു? അവരുടെ അനുഭവത്തിൽ നിന്നും പഠിക്കേണ്ടതായി എന്തെങ്കിലുമുണ്ടോ? നമ്മുടെ അനുഭവത്തിൽ നിന്നും അവർക്കെന്തെങ്കിലും പഠിക്കാൻ കഴിയുമോ?*

ഇത്തരത്തിലുള്ള സ്വകാര്യ ഉടമസ്ഥത ഉടമകളെ സമ്പന്നരാക്കി എന്നുമാത്രമല്ല അവർക്ക് രാഷ്ട്രീയാധികാരം കൂടി ലഭ്യമാക്കി എന്ന് മാർക്സ് ചൂണ്ടിക്കാട്ടി. ഇത്തരം അധികാരം രാഷ്ട്രത്തിന്റെ നയങ്ങളെയും നിയമങ്ങളെയും സ്വാധീനിക്കുവാൻ അവരെ പ്രാപ്തരാക്കുന്നു. ഇത് ജനാധിപത്യഭരണകൂടത്തിന് ഒരു ഭീഷണിയാണ്. പദവിയിലുള്ള വ്യത്യാസങ്ങൾ, വിശേഷാധികാരം (privileges) തുടങ്ങിയ സാമൂഹികാസമത്വങ്ങൾക്ക് കാരണം സാമ്പത്തികാസമത്വമാണെന്ന് മാർക്സിസ്റ്റുകളും സോഷ്യലിസ്റ്റുകളും വാദിക്കുന്നു. അതുകൊണ്ട്, സമൂഹത്തിലെ അസമത്വത്തെ കൈകാര്യം ചെയ്യണമെങ്കിൽ തുല്യാവസരങ്ങൾ പ്രദാനം ചെയ്യുക എന്നതിനപ്പുറത്തേക്ക് അവശ്യവിഭവങ്ങളുടെയും വിവിധ തരം ആസ്തികളുടെയും പൊതു ഉടമസ്ഥത ഉറപ്പുവരുത്തുന്നതിനായി ശ്രമിക്കേണ്ടതാണ്. ഇത്തരം കാഴ്ചപ്പാടുകൾ സംവാദങ്ങൾക്ക് വഴിതെളിയ്ക്കാമെങ്കിലും അവ ഉയർത്തുന്ന പ്രശ്നങ്ങൾ പരിഗണനാർഹമാണ്.

ഇതിനെതിരായൊരു കഴ്ചപ്പാട് ഉദാരവാദ സിദ്ധാന്തങ്ങളിൽ കാണുവാൻ സാധിക്കും. സമൂഹത്തിൽ വിഭവങ്ങളും പ്രതിഫലവും വിതരണം ചെയ്യുവാനുള്ള ഏറ്റവും കാര്യക്ഷമവും ന്യായവുമായ മാർഗം മത്സരത്തിന്റെ തത്വം ആണെന്ന വാദം ഉദാരവാദികൾ ഉയർത്തുന്നു. എല്ലാവർക്കും ഒരു നിശ്ചിതജീവിതനിലവാരവും തുല്യാവസരങ്ങളും ഉറപ്പാക്കുവാൻ രാഷ്ട്രം ഇടപെടേണ്ടതുണ്ടെങ്കിലും അതുകൊണ്ടുമാത്രം സമൂഹത്തിലേക്ക് സമത്വവും നീതിയും കൊണ്ടുവരുവാൻ സാധിക്കില്ലെന്ന് അവർ വിശ്വസിക്കുന്നു. സ്വതന്ത്രവും ന്യായവുമായ

**നമുക്ക് ചെയ്തു പഠിക്കാം**

നിങ്ങളുടെ സ്വന്തം സ്കൂളിലെ വിദ്യാർത്ഥികൾക്കിടയിൽ നിങ്ങൾ കാണുന്ന സാമൂഹികവും സാമ്പത്തികവുമായ എല്ലാ അസമത്വങ്ങളുടെയും ഒരു പട്ടിക തയാറാക്കുക.

## സ്ത്രീപക്ഷവാദം (Feminism)



സ്ത്രീയ്ക്കും പുരുഷനും തുല്യാവകാശങ്ങളെന്ന രാഷ്ട്രീയസിദ്ധാന്തമാണ് സ്ത്രീപക്ഷവാദം. സമൂഹത്തിൽ പുരുഷൻമാർക്കും സ്ത്രീകൾക്കും ഇടയിലുള്ള അസമത്വങ്ങളിൽ പലതും സ്വഭാവികമോ അനിവാര്യമോ അല്ലെന്നും പുരുഷൻമാർക്കും സ്ത്രീകൾക്കും സ്വതന്ത്രവും തുല്യവുമായ ജീവിതം നയിക്കുവാൻ കഴിയുന്ന വിധത്തിൽ ഈ അസമത്വങ്ങളെ മാറ്റാൻ കഴിയുമെന്നും വിശ്വസിക്കുന്ന പുരുഷന്മാരും സ്ത്രീകളുമാണ് സ്ത്രീപക്ഷവാദികൾ.

സ്ത്രീപക്ഷവാദികളുടെ അഭിപ്രായത്തിൽ, സ്ത്രീകളും പുരുഷൻമാരും തമ്മിലുള്ള സമൂഹത്തിലെ അസമത്വം പിതൃമേധാവിത്വ (Patriarchy) വ്യവസ്ഥയുടെ ഫലമാണ്. പുരുഷൻമാർക്ക് സ്ത്രീകളെക്കാൾ മൂല്യം കല്പിക്കുന്ന, പുരുഷൻമാർക്ക് സ്ത്രീകളുടെ മേൽ അധികാരം നല്കുന്ന ഒരു സാമൂഹിക, സാമ്പത്തിക, സംസ്കാരികസംവിധാനത്തെയാണ് ഈ പ്രയോഗം സൂചിപ്പിക്കുന്നത്. പുരുഷൻമാരും സ്ത്രീകളും പ്രകൃത്യാ തന്നെ വ്യത്യസ്തരാണെന്നും ഈ വ്യത്യാസം സമൂഹത്തിലെ അവരുടെ തുല്യമല്ലാത്ത പദവികളെ ന്യായികരിക്കുന്നുവെന്നുമുള്ള സങ്കൽപ്പത്തെ അടിസ്ഥാനമാക്കിയുള്ളതാണ് പുരുഷാധിപത്യക്രമം. പുരുഷൻമാരും സ്ത്രീകളും തമ്മിലുള്ള ജീവശാസ്ത്രപരമായ വ്യത്യാസത്തെ സൂചിപ്പിക്കുന്ന ലിംഗഭേദ (sex) വും പുരുഷൻമാത്രമല്ല സ്ത്രീകളും സമൂഹത്തിൽ വഹിക്കേണ്ട വ്യത്യസ്തമായ പങ്കുകളെ നിർണയിക്കുന്ന ലിംഗപദവി (gender) യും തമ്മിലുള്ള ഒരു വേർതിരിവ് നടത്തിക്കൊണ്ട് സ്ത്രീപക്ഷവാദികൾ പുരുഷാധിപത്യചിന്തകളെ ചോദ്യം ചെയ്യുന്നു. ഉദാഹരണത്തിന് ഗർഭം ധരിക്കുവാനും പ്രസവിക്കുവാനും സ്ത്രീകൾക്കു മാത്രമേ കഴിയു എന്ന ജീവശാസ്ത്രവസ്തുത കുഞ്ഞുങ്ങൾ ജനിച്ചശേഷം അവരെ പരിപാലിക്കേണ്ടതിന്റെ ഉത്തരവാദിത്വം സ്ത്രീകൾക്ക് മാത്രമാണെന്ന് അർഥമാക്കുന്നില്ല. സ്ത്രീകളും പുരുഷൻമാരും തമ്മിലുള്ള അസമത്വത്തിന്റെ ഏറിയപങ്കും പ്രകൃത്യാ ഉള്ളതല്ലെന്നും സമൂഹം സൃഷ്ടിച്ചതാണെന്നും സ്ത്രീപക്ഷവാദികൾ നമുക്ക് കാണിച്ചുതരുന്നു.

പിതൃമേധാവിത്വ വ്യവസ്ഥാക്രമം സ്ത്രീകൾ സ്വകാര്യ (private) വും ഗാർഹിക (domestic) വുമായ കാര്യങ്ങൾക്ക് ഉത്തരവാദപ്പെട്ടവരും പുരുഷൻമാർ 'പൊതു' (Public) ഇടങ്ങളിലെ ജോലികൾക്ക് ഉത്തരവാദിത്തമുള്ളവരും ആണ് എന്ന ഒരു തൊഴിൽ വിഭജന (division of labour) ത്തെ സൃഷ്ടിക്കുന്നു. മിക്ക സ്ത്രീകളും 'പൊതു' ഇടങ്ങളിലും സജീവമായി പ്രവർത്തിക്കുന്നു എന്ന യാഥാർത്ഥ്യത്തെ ചൂണ്ടിക്കാട്ടി സ്ത്രീ പക്ഷവാദികൾ ഈ വിവേചനത്തെ ചോദ്യം ചെയ്യുന്നു. അതായത്, ലോകത്തെമ്പാടുമുള്ള മിക്ക സ്ത്രീകളും വീടിനുപുറത്തുള്ള ഏതെങ്കിലും തരത്തിലുള്ള ജോലികളിൽ ഏർപ്പെടുന്നുണ്ടെങ്കിലും, കുടുംബജോലികളുടെ പൂർണ ഉത്തരവാദിത്വവും സ്ത്രീകളുടേതുമാത്രമായി തുടർന്നുവരുന്നു. 'ഇരട്ട ഭാരം' (double burden) എന്നാണ് ഇതിനെ സ്ത്രീപക്ഷവാദികൾ വിശേഷിപ്പിക്കുന്നത്. ഈ ഇരട്ടഭാരം ചുമക്കുമ്പോഴും പൊതു ഇടങ്ങളിൽ എടുക്കുന്ന തീരുമാനങ്ങളിൽ അഭിപ്രായം പറയുവാൻ സ്ത്രീകൾക്കുള്ള അവകാശം നാമമാത്രമാണ്. സ്ത്രീപക്ഷവാദികൾ, ഈ പൊതു/സ്വകാര്യവേർതിരിവിനെയും എല്ലാത്തരത്തിലുമുള്ള ലിംഗ അസമത്വങ്ങളെയും അപലപിക്കുകയും ഇത്തരം കാര്യങ്ങൾ ഉൻമൂലനം ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു.



സാഹചര്യങ്ങളിൽ ജനങ്ങൾ തമ്മിലുള്ള മത്സരമാണ് ഒരു സമൂഹത്തിൽ പ്രതിഫലങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഏറ്റവും നീതിയുക്തവും കാര്യക്ഷമവുമായ മാർഗം. ഉദാരവാദികളുടെ അഭിപ്രായത്തിൽ, മത്സരം തുറന്നതും സ്വതന്ത്രവുമായിരിക്കുന്നിടത്തോളം കാലം അസമത്വങ്ങൾ ഉറച്ചുപോകുവാൻ ഇടയില്ല. മാത്രമല്ല, ജനങ്ങൾക്ക് അവരുടെ കഴിവിനും പ്രയത്നത്തിനും തക്ക പ്രതിഫലം ലഭിക്കുകയും ചെയ്യും.

ഉദാരവാദികളുടെ അഭിപ്രായത്തിൽ മത്സരത്തിന്റെ തത്ത്വമാണ് ജോലികൾക്ക് അല്ലെങ്കിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നടത്തുവാൻ പരീക്ഷാർത്ഥികളെ തിരഞ്ഞെടുക്കുന്നതിലുള്ള ഏറ്റവും ന്യായവും ഫലപ്രദവുമായ മാർഗം. ഉദാഹരണത്തിന്, നമ്മുടെ രാജ്യത്ത് പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവർ നിരവധിയാണ്. എന്നാൽ ഈ കോഴ്സുകൾക്കുള്ള പ്രവേശനത്തിന് കടുത്ത മത്സരമാണുള്ളത്. മത്സരിക്കുവാൻ എല്ലാവർക്കും ന്യായവും തുല്യവുമായ അവസരം ലഭ്യമാക്കുന്നതിനു വേണ്ടി കാലാകാലങ്ങളിൽ വിദ്യാഭ്യാസസ്ഥാപനങ്ങളെയും പ്രവേശനപ്പരീക്ഷകളെയും നിയന്ത്രിക്കുവാൻ ഗവൺമെന്റുകളും കോടതികളും ഇടപെട്ടിട്ടുണ്ട്. ചിലർക്ക് അപ്പോഴും പ്രവേശനം ലഭിക്കണമെന്നില്ല. എന്നിരുന്നാലും പരിമിതമായ സീറ്റുകൾ ന്യായമായ രീതിയിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു മാർഗമായി മത്സരത്തെ കണക്കാക്കുന്നു.

സോഷ്യലിസ്റ്റുകളിൽനിന്ന് വ്യത്യസ്തമായി രാഷ്ട്രീയ, സാമൂഹിക, സാമ്പത്തികാസമത്വങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് ഉദാരവാദികൾ വിശ്വസിക്കുന്നില്ല. ഈ ഓരോ മണ്ഡലങ്ങളിലുമുള്ള അസമത്വങ്ങളെ അനുയോജ്യമായ വിധത്തിൽ കൈകാര്യം ചെയ്യണമെന്ന് അവർ വാദിക്കുന്നു. അതുകൊണ്ട്, രാഷ്ട്രീയസമത്വം നല്കുവാൻ ജനാധിപത്യത്തിന് കഴിയുമെങ്കിലും സാമ്പത്തികാസമത്വങ്ങളെയും സാമൂഹ്യവ്യത്യാസങ്ങളെയും മറികടക്കുന്നതിന് വിവിധ മാർഗങ്ങൾ സ്വീകരിക്കേണ്ടത് ആവശ്യമാണ്. ഉദാരവാദികളെ സംബന്ധിച്ചിടത്തോളം മുഖ്യമായ പ്രശ്നം കേവലമായ അസമത്വമല്ല മറിച്ച് വ്യക്തികളെ അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിൽ നിന്ന് തടയുന്ന അന്യായവും ആഴത്തിൽ വേരോടിയിരിക്കുന്നതുമായ അസമത്വങ്ങളാണ്.

### സോഷ്യലിസം

വ്യാവസായികമുതലാളിത്തസമ്പദ്‌വ്യവസ്ഥയിൽ നിലനിൽക്കുന്നതും ഈ വ്യവസ്ഥയാൽ തന്നെ പുനർനിർമിക്കപ്പെടുന്നതുമായ അസമത്വങ്ങളോടുള്ള പ്രതികരണമെന്ന നിലയിൽ ഉയർന്നുവന്ന ഒരു കൂട്ടം രാഷ്ട്രീയ ആശയങ്ങളെയാണ് സോഷ്യലിസം സൂചിപ്പിക്കുന്നത്. നിലവിലുള്ള അസമത്വങ്ങളെ എങ്ങനെ കുറയ്ക്കാമെന്നും വിഭവങ്ങളെ എങ്ങനെ നീതിപൂർവമായി വിതരണം ചെയ്യാമെന്നുള്ളതാണ് സോഷ്യലിസത്തിന്റെ പ്രധാന ചിന്തകൾ. സോഷ്യലിസത്തിന്റെ വക്താക്കൾ കമ്പോളവ്യവസ്ഥയ്ക്ക് പൂർണമായും എതിരല്ലെങ്കിലും വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ പ്രഥമപരിഗണന അർഹിക്കുന്ന

മേഖലകളിൽ ഗവൺമെന്റിന്റെ ചില തരത്തിലുള്ള നിയന്ത്രണങ്ങളെയും ആസൂത്രണത്തെയും ഇവർ അനുകൂലിക്കുന്നു.

ഇന്ത്യയിലെ പ്രമുഖസോഷ്യലിസ്റ്റുചിന്തകനായ റാംമനോഹർ ലോഹ്യ, ഒരേപോലെ എതിർക്കപ്പെടേണ്ട അഞ്ചുതരം അസമത്വങ്ങളെ ചൂണ്ടിക്കാട്ടി: സ്ത്രീപുരുഷ അസമത്വം, തൊലിയുടെ നിറം നോക്കിയുള്ള അസമത്വം, ജാതിയുടെ അടിസ്ഥാനത്തിലുള്ള അസമത്വം, ചില രാജ്യങ്ങളുടെ മേൽ മറ്റുചില രാജ്യങ്ങളുടെ കോളനിവാഴ്ച അതുപോലെതന്നെ സാമ്പത്തിക അസമത്വവും. ഇന്ന് എല്ലാവർക്കും വ്യക്തമായി അറിയാവുന്ന ആശയങ്ങളാണിവ. എന്നാൽ ലോഹ്യയുടെ കാലത്ത്, എതിർത്തുപോരാടേണ്ട ഏക അസമത്വം വർഗ അസമത്വമാണെന്ന് വാദിക്കുന്നത് സോഷ്യലിസ്റ്റുകളുടെ ഇടയിൽ സർവ സാധാരണമായിരുന്നു. മറ്റ് അസമത്വങ്ങൾ കാര്യമാക്കേണ്ടതില്ലെന്നും അല്ലെങ്കിൽ സാമ്പത്തിക അസമത്വം അവസാനിപ്പിക്കുന്നതോടെ അവയെല്ലാം സ്വാഭാവികമായി ഇല്ലാതായിക്കൊള്ളുമെന്നും അവർ വിശ്വസിച്ചു. എന്നാൽ ഈ അസമത്വങ്ങൾക്കെല്ലാം സ്വതന്ത്രമായ വേരുകളുണ്ടെന്നും അവ ഓരോ ന്നിനെയും പ്രത്യേകമായും ഒന്നിച്ചും ഒരേസമയം പോരാടി തോല്പിക്കേ ണ്ടതുണ്ടെന്നും ലോഹ്യ വാദിച്ചു. ഏകപക്ഷീയമായി അദ്ദേഹം വിപ്ലവത്തെ ക്കുറിച്ച് സംസാരിച്ചിട്ടില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഈ അഞ്ച് അസമത്വങ്ങൾക്കെതിരായ പോരാട്ടം അഞ്ച് വിപ്ലവങ്ങളായിരൂപപ്പെട്ടു. ഈ വിപ്ലവങ്ങൾക്കൊപ്പം മറ്റ് രണ്ട് വിപ്ലവങ്ങൾകൂടി അദ്ദേഹം കൂട്ടിച്ചേർത്തു. സ്വകാര്യജീവിതത്തിൽമേലുള്ള അന്യായമായ കയ്യേറ്റങ്ങൾക്കെതിരെയുള്ള പൗരസ്വാതന്ത്ര്യവിപ്ളവവും, സത്യാഗ്രഹത്തിനനുകൂലമായി ആയുധങ്ങൾ പരിത്യജിക്കുന്നതിനുവേണ്ടിയുള്ള അഹിംസാ വിപ്ലവവും. ഇതൊക്കെയാണ് സോഷ്യലിസത്തിന്റെ ആദർശങ്ങളായി ലോഹ്യ പറഞ്ഞ ഏഴ് വിപ്ലവങ്ങൾ അഥവാ 'സപ്തക്രാന്തി'.

### 4. എങ്ങനെ നമുക്ക് സമത്വത്തെ പരിപോഷിപ്പിക്കാം? (How can We Promote Equality?)

സമത്വമെന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള ഏറ്റവും അഭികാമ്യമായ മാർഗത്തെക്കുറിച്ച് സോഷ്യലിസ്റ്റുകളുടെയും ഉദാരവാദികളുടെയും ഇടയിൽ നിലനിൽക്കുന്ന ചില അടിസ്ഥാനവ്യത്യാസങ്ങളെക്കുറിച്ച് നാം കണ്ടുകഴിഞ്ഞു. ഈ കാഴ്ചപ്പാടുകളുടെ ഗുണദോഷങ്ങളെക്കുറിച്ച് ലോകമെമ്പാടും ചർച്ചചെയ്യു മ്പോൾ സമത്വത്തെ പിന്തുടരുന്നതിന് ഏതെല്ലാം തത്വങ്ങളും നയങ്ങളുമാണ് പരിഗണിക്കേണ്ടതെന്ന് നാം ഇനിയും പരിശോധിക്കേണ്ടതുണ്ട്. പ്രത്യേകമായി, സമത്വം സ്ഥാപിക്കുക എന്ന ലക്ഷ്യത്തിലേക്കായി അനുകൂലാത്മക നടപടികൾ (Affirmative Action) ഉപയോഗിക്കുന്നത് ന്യായീകരിക്കാവുന്നതാണോ എന്ന് നാം പരിശോധിക്കണം. ഈ വിഷയം അടുത്തകാലത്ത് ധാരാളം വിവാദങ്ങൾ ഉയർത്തിയിട്ടുണ്ട്. തുടർന്നുവരുന്ന ഭാഗത്ത് ഈ വിഷയം നാം ചർച്ച ചെയ്യും.

## ഔപചാരികസമത്വം സ്ഥാപിക്കൽ (Establishing Formal Equality)

അസമത്വത്തിന്റേയും വിശേഷാധികാരങ്ങളുടെയും ഔപചാരികവ്യവസ്ഥ അവസാനിപ്പിക്കുക എന്നതാണ് സമത്വസ്ഥാപനത്തിന്റെ ആദ്യഘട്ടം. ആചാരങ്ങളാലും നിയമവ്യവസ്ഥകളാലും ലോകമെമ്പാടും സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക അസമത്വങ്ങൾ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ഇത് സമൂഹത്തിലെ ചില വിഭാഗങ്ങളെ ചിലതരത്തിലുള്ള അവസരങ്ങളും പ്രതിഫലങ്ങളും അനുഭവിക്കുന്നതിൽ നിന്നും തടയുന്നു. നിരവധി രാഷ്ട്രങ്ങളിൽ ദരിദ്രജനങ്ങൾക്ക് വോട്ടവകാശം നല്കിയിട്ടില്ല. പല തൊഴിലുകളിലും പ്രവൃത്തികളിലും ഏർപ്പെടുന്നതിന് സ്ത്രീകളെ അനുവദിക്കുന്നില്ല. ഇന്ത്യയിലെ ജാതി സമ്പ്രദായം 'താഴ്ന്ന' ജാതിയിൽപ്പെട്ടവരെ കായികാധ്വാനം ഒഴികെ മറ്റൊന്നും ചെയ്യുവാൻ അനുവദിച്ചിരുന്നില്ല. നിരവധി രാജ്യങ്ങളിൽ ചില കുടുംബങ്ങളിൽപ്പെട്ടവർക്ക് മാത്രമേ ഉന്നതസ്ഥാനങ്ങൾ വഹിക്കുവാൻ കഴിയുകയുള്ളൂ.

സമത്വം നേടണമെങ്കിൽ ഇത്തരത്തിലുള്ള എല്ലാ വിലക്കുകളും അല്ലെങ്കിൽ വിശേഷാധികാരങ്ങളും അവസാനിപ്പിക്കേണ്ടതുണ്ട്. ഈ അസമത്വങ്ങളിൽ ഒട്ടുമിക്കതിനും നിയമസാധുത ഉള്ളതിനാൽ സമത്വം സ്ഥാപിക്കണമെങ്കിൽ ഗവൺമെന്റും രാജ്യത്തെ നിയമങ്ങളും അസമത്വവ്യവസ്ഥയെ സംരക്ഷിക്കുന്നത് അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. ഇതാണ് നമ്മുടെ ഭരണഘടന ചെയ്യുന്നത്. മതം, വർഗം, ജാതി, ലിംഗം അല്ലങ്കിൽ ജന്മസ്ഥലം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനങ്ങളെ ഭരണഘടന നിരോധിച്ചിരിക്കുന്നു. അതുപോലെ നമ്മുടെ ഭരണഘടന തൊട്ടുകൂടായ്മയെയും നിർമാർജനം ചെയ്തിരിക്കുന്നു. ഒട്ടുമിക്ക ആധുനിക ഭരണഘടനകളും ജനാധിപത്യഗവൺമെന്റുകളും സമത്വം എന്ന തത്വം ഔപചാരികമായി അംഗീകരിക്കുകയും ജാതി, വർഗ, മത അല്ലെങ്കിൽ ലിംഗ പരിഗണനകളില്ലാതെ എല്ലാ പൗരൻമാർക്കും നിയമത്താലുള്ള തുല്യപരിഗണനയായി ഈ തത്വത്തെ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

## വ്യത്യസ്തപരിഗണനയിലൂടെ സമത്വം (Equality Through Different Treatment)

എന്നിരുന്നാലും, നാം മുമ്പ് സൂചിപ്പിച്ചതുപോലെ, ഔപചാരികസമത്വം അഥവാ നിയമത്തിനു മുമ്പിലെ സമത്വം ആവശ്യമാണെങ്കിലും സമത്വം എന്ന തത്ത്വത്തിന്റെ സാക്ഷാത്കാരത്തിന് ഇത് പര്യാപ്തമല്ല. ജനങ്ങൾക്ക് തുല്യ അവകാശങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കാൻ ചിലപ്പോൾ ജനങ്ങളെ വ്യത്യസ്തമായി പരിഗണിക്കേണ്ടിവരും. ഇതിനായി ജനങ്ങൾക്കിടയിലെ ചില വ്യത്യാസങ്ങൾ കണക്കിലെടുക്കേണ്ടിവരും. ഉദാഹരണത്തിന്, അംഗപരിമിതിയുള്ളവർ പൊതുകെട്ടിടങ്ങളിൽ പ്രവേശിക്കുന്നതിനുള്ള തുല്യാവസരം ലഭിക്കുവാൻ വേണ്ടി അവിടെ പ്രത്യേകവഴികൾ (ramps) ന്യായമായും ആവശ്യപ്പെട്ടേക്കാം. രാത്രി കാലങ്ങളിൽ കോൾ സെന്ററുകളിൽ ജോലി ചെയ്യുന്ന സ്ത്രീകൾ അവരുടെ ജോലി

ചെയ്യുവാനുള്ള തുല്യാവകാശത്തിന്റെ സംരക്ഷണത്തിലേക്കായി ജോലി സ്ഥലത്തേക്കും തിരിച്ചും പ്രത്യേകസംരക്ഷണം ആവശ്യപ്പെട്ടേക്കാം. ഇത്തരം കാര്യങ്ങളെ സമത്വത്തിന്റെ ലംഘനങ്ങളായിട്ടല്ല മറിച്ച് സമത്വത്തിന്റെ വിപുലീകരണമായിട്ടാണ് കാണേണ്ടത്.

തുല്യാവസരങ്ങൾ സാധ്യമാക്കുന്നതിന് ഏതു തരത്തിലുള്ള വേർതിരിവുകളാണ് തടസമാകുന്നത്, അത്തരം തടസങ്ങളെ മറികടക്കുവാൻ ഏത് തരം നയങ്ങളാണ് പിന്തുടരേണ്ടത് എന്നീ ചോദ്യങ്ങളാണ് ഇന്ന് ഒട്ടുമിക്ക സമൂഹങ്ങളിലും ചർച്ചചെയ്യപ്പെടുന്നത്. അവസരസമത്വം വിപുലീകരിക്കുവാനായി ചില രാജ്യങ്ങൾ അനുകൂലാത്മകനടപടികൾ നയങ്ങൾ ആയി ഉപയോഗിച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്ത് നാം ആശ്രയിച്ചിരിക്കുന്നത് സംവരണ നയത്തെയാണ്. തുടർന്നുവരുന്ന ഭാഗത്ത്, അനുകൂലാത്മകനടപടികൾ എന്ന ആശയത്തെക്കുറിച്ചും ആ ചട്ടക്കൂടിനുള്ളിലെ പ്രത്യേക നയങ്ങൾ ഉയർത്തിയ ചില വിഷയങ്ങളെക്കുറിച്ചും മനസിലാക്കുവാൻ നാം ശ്രമിക്കും.




## അനുകൂലാത്മക നടപടി (Affirmative Action)

നിയമംകൊണ്ട് മാത്രം ഔപചാരികസമത്വം സ്ഥാപിക്കുവാനാകില്ല എന്ന ആശയം അടിസ്ഥാനമാക്കിയുള്ളതാണ് അനുകൂലാത്മക നടപടി. ആഴത്തിൽ വേരുകളുള്ള അസമത്വങ്ങളെ ഉന്മൂലനം ചെയ്യണമെന്ന് നാം ആഗ്രഹിക്കുമ്പോൾ, അടിയുറച്ചിരിക്കുന്ന

തരത്തിലുള്ള സാമൂഹികാസമത്വങ്ങളെ കുറയ്ക്കുവാനും ഇല്ലായ്മ ചെയ്യുവാനുമുള്ള കുറെയധികം ക്രിയാത്മകനടപടികൾ സ്വീകരിക്കുക എന്നത് ആവശ്യമാണ്. മുൻകാലത്ത് നിലനിന്നിരുന്ന കൊടിയ അസമത്വങ്ങളുടെ ആഘാതങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ടി രൂപകല്പന ചെയ്യപ്പെട്ടവയാണ് അനുകൂലാത്മക നടപടികളുടെ ഒട്ടുമിക്ക നയങ്ങളും.

**നമുക്കിത് ചെയ്യാം**

വിവിധതരം ശാരീരിക പരിമിതിയുള്ള വിദ്യാർത്ഥികൾക്ക് മറ്റേതൊരു വിദ്യാർത്ഥിയെയും പോലെ പഠിക്കുവാൻ ആവശ്യമായ എല്ലാ സൗകര്യങ്ങളുടെയും ഒരു പട്ടിക തയാറാക്കുക. ഇവയിൽ ഏതൊക്കെ സൗകര്യങ്ങളാണ് നിങ്ങളുടെ സ്കൂളിലുള്ളത്?

അനുകൂലാത്മക നടപടികൾ പലരൂപത്തിൽ നടപ്പിലാക്കാൻ കഴിയും. പിന്നോക്കസമുദായങ്ങൾക്ക് ഹോസ്റ്റലുകൾ, സ്കോളർഷിപ്പുകൾ തുടങ്ങിയ മുൻഗണനാ ചിലവഴിക്കൽ മുതൽ തൊഴിലിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുമുള്ള പ്രവേശനത്തിന് നല്കുന്ന പ്രത്യേക പരിഗണനവരെ ഇതിന്റെ രൂപങ്ങളാണ്. ദുർബലവിഭാഗങ്ങൾക്ക് അവസര സമത്വം നല്കുന്നതിനുവേണ്ടി ജോലിയിലും വിദ്യാഭ്യാസത്തിലും 'ക്വോട്ടാ' അഥവാ സീറ്റ് സംവരണം എന്ന നയമാണ് നമ്മുടെ രാജ്യത്ത് നാം സ്വീകരിച്ചിരിക്കുന്നത്. ഈ നയം കാര്യമായ സംവാദത്തിനും എതിർപ്പുകൾക്കും വിധേയമായി കൊണ്ടിരിക്കുന്നു. സമൂഹത്തിലെ ചില വിഭാഗങ്ങൾ സാമൂഹ്യ മുൻവിധികളുടെയും വിവേചനത്തിന്റെയും ഫലമായി ഒറ്റപ്പെടുത്തലിന്റെയും പാർശ്വവല്ക്കരിക്കപ്പെടലിന്റെയും രൂപത്തിൽ ഇരകളാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. മുൻകാലങ്ങളിൽ ദുരിതമനുഭവിക്കുകയും തുല്യാവസരങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്ത ഈ സമുദായങ്ങൾക്ക് പെട്ടെന്ന് മറ്റുള്ളവരോട് തുല്യാടിസ്ഥാനത്തിൽ മത്സരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കരുത്. ആയതിനാൽ, സമത്വാധിഷ്ഠിതവും നീതിപൂർവകവുമായ ഒരു സമൂഹത്തെ സൃഷ്ടിക്കുക എന്ന താല്പര്യം മുൻനിർത്തി, ഈ വിഭാഗങ്ങൾക്ക് പ്രത്യേക സംരക്ഷണവും സഹായവും നൽകേണ്ടതാണ്.

അനുകൂലാത്മകനടപടിയുടെ രൂപത്തിലുള്ള പ്രത്യേകസഹായം താൽക്കാലികമോ സമയബന്ധിതമോ ആണ്. ലഭിക്കുന്ന പ്രത്യേകപരിഗണന ഈ സമുദായങ്ങളെ അവരുടെ നിലവിലുള്ള അപര്യാപ്തതകൾ അതിജീവിക്കുവാൻ പ്രാപ്തരാക്കുമെന്നും അതിനുശേഷം മറ്റുള്ളവരോടൊപ്പം തുല്യസാഹചര്യത്തിൽ മത്സരിക്കാൻ കഴിവുള്ളവരാക്കുമെന്നുമാണ് അനുമാനം. സമൂഹത്തെ കൂടുതൽ സമത്വമുള്ളതാക്കാൻ അനുകൂലാത്മക നടപടിനയങ്ങൾ സഹായിക്കുന്നുവെങ്കിലും നിരവധി സൈദ്ധാന്തികർ ഇതിനെ എതിർക്കുന്നു. ജനങ്ങളെ വ്യത്യസ്തമായി പരിഗണിക്കുന്നതിലൂടെ എന്നെങ്കിലും സമൂഹത്തിനു കൂടുതൽ സമത്വത്തിലേക്ക് എത്തിച്ചേരാനാകുമോ എന്ന് അവർ ചോദിക്കുന്നു.

ക്രിയാത്മകവിവേചനങ്ങളെ, പ്രത്യേകിച്ച് സംവരണനയങ്ങളെ വിമർശിക്കുന്നവർ സമത്വത്തെ ഇത്തരം നയങ്ങൾക്കെതിരെ വാദിക്കുവാനായി ഉപയോഗിക്കുന്നു. ദുർബലജനവിഭാഗങ്ങൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് അല്ലെങ്കിൽ ജോലികൾക്ക് സംവരണം അഥവാ ക്വോട്ടകൾ പോലുള്ള ഏതൊരു വ്യവസ്ഥയും ഏർപ്പെടുത്തുന്നത് സമൂഹത്തിലെ മറ്റുവിഭാഗങ്ങളുടെ തുല്യ പരിഗണനയ്ക്കുവേണ്ടിയുള്ള അവരുടെ അവകാശത്തെ ഏകപക്ഷീയമായി നിഷേധിക്കുന്നതിനാൽ അനീതിയാണെന്നും അവർ വാദിക്കുന്നു. സംവരണമെന്നത് ഒരു തരം പ്രതിലോമവിവേചനമാണെന്നും ഇത് സമത്വത്തെ ചോദ്യം ചെയ്യുകയും നിഷേധിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളോടൊപ്പം തുടരുകയും ചെയ്യുന്നു എന്ന് അവർ അഭിപ്രായപ്പെടുന്നു. എല്ലാവരെയും ഒരേപോലെ പരിഗണിക്കുന്നതാണ് തുല്യതയെന്നും ജാതിയുടെയും നിറത്തിന്റെയും അടിസ്ഥാനത്തിൽ വ്യക്തികൾ തമ്മിലുള്ള വേർതിരിവ് നാം സൃഷ്ടിക്കുമ്പോൾ ജാതി - വർഗ മുൻവിധികളെ നാം ബലപ്പെടുത്തുകയാണ് ചെയ്യുന്നതെന്നും ഈ വിമർശകർ വാദിക്കുന്നു. നമ്മുടെ സമൂഹത്തെ വിഭജിക്കുന്ന സാമൂഹ്യ വ്യത്യാസങ്ങൾ ഒഴിവാക്കുകയെന്നതാണ് ഈ സൈദ്ധാന്തികരെ സംബന്ധിച്ചടത്തോളം പ്രധാനകാര്യം.

ഈ ചർച്ചയുടെ പശ്ചാത്തലത്തിൽ, രാഷ്ട്രനയത്തിന്റെ മാർഗനിർദേശകതത്വത്തെ നിലവിലുള്ള സമത്വവും വ്യക്തികളുടെ തുല്യാവകാശങ്ങൾ എന്ന നിലയിലുള്ള സമത്വവും തമ്മിൽ ഒരു വേർതിരിവ് നടത്തുന്നത് ഉചിതമാണ്. വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്കും പൊതുമേഖലാ ഉദ്യോഗങ്ങളിലേക്കുമുള്ള പ്രവേശനത്തിന് തുല്യപരിഗണന ലഭിക്കുന്നതിന് വ്യക്തികൾക്ക് അവകാശമുണ്ട്. എന്നാൽ അതിനുള്ള മത്സരം നീതിപൂർവകമായിരിക്കണം. ചിലപ്പോൾ അവഗണന നേരിടുന്ന ജനവിഭാഗങ്ങൾ പരിമിതമായ സീറ്റുകൾക്കും ഉദ്യോഗങ്ങൾക്കും വേണ്ടി മത്സരിക്കുമ്പോൾ അത് അവർക്ക് ഗുണകരമല്ലാതായേക്കാം. മാതാപിതാക്കളും പൂർവ്വികരും നിരക്ഷരരായിരുന്ന ഒരു ആദ്യ തലമുറ പഠിതാവിന്റെ ആവശ്യങ്ങളും സാഹചര്യങ്ങളും വിദ്യാസമ്പന്നകുടുംബങ്ങളിൽ ജനിച്ചവരിൽ നിന്നും വളരെ വ്യത്യസ്തമാണ്. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ ജനങ്ങൾ അവർ ദളിതരോ, സ്ത്രീകളോ അല്ലെങ്കിൽ മറ്റേതെങ്കിലും വിഭാഗത്തിൽപ്പെട്ടവരോ ആയിക്കൊള്ളട്ടെ, ചില പ്രത്യേക സഹായം അർഹിക്കുന്നവരും ലഭിക്കേണ്ടവരുമാണ്. ഈ സഹായം നൽകുന്നതിനു വേണ്ടി, ഇത്തരം വിഭാഗങ്ങളിലെ ജനങ്ങളെ മറ്റുള്ളവർക്ക് തുല്യമാക്കുന്നതിനും അവർക്ക് മറ്റുള്ളവരോട് മത്സരിക്കുവാനുമുള്ള ഒരു ന്യായമായ അവസരം ലഭ്യമാക്കുവാനുമായി രാഷ്ട്രം സാമൂഹ്യനയങ്ങൾ രൂപകല്പന ചെയ്യേണ്ടതുണ്ട്.

**നമുക്ക് ചർച്ച ചെയ്യാം**

പട്ടിക ജാതി – പട്ടിക വർഗക്കാർക്കായുള്ള അനുകൂലാത്മക നടപടി നയങ്ങൾ സ്വകാര്യ വിദ്യഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിലേക്കും നീട്ടണം.

വിദ്യാഭ്യാസ, ആരോഗ്യപരിപാലനമണ്ഡലങ്ങളിൽ പിന്നോക്കജനതയ്ക്ക് അർഹതപ്പെട്ടതിനേക്കാൾ കുറവുമാത്രമേ ഇന്ത്യയിൽ നൽകപ്പെട്ടിട്ടുള്ളൂ എന്നത് വാസ്തവമാണ്. സ്കൂൾവിദ്യാഭ്യാസത്തിൽ അസമത്വങ്ങൾ രൂക്ഷമാണ്. ഗ്രാമീണ മേഖലയിലെയും നഗരങ്ങളിലെ ചേരികളിലെയും ദരിദ്രരായ കുട്ടികൾക്ക് സ്കൂളിൽ പോകുന്നതിനുള്ള അവസരം ഇല്ല. അഥവാ സ്കൂളിൽ പോകുവാനുള്ള അവസരം കിട്ടിയാൽ തന്നെ, മുന്തിയ സ്കൂളുകളിൽ ലഭ്യമാക്കിയിട്ടുള്ള സൗകര്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവരുടെ സ്കൂളുകളിൽ യാതൊരു സൗകര്യങ്ങളുമില്ല. കുട്ടികൾ സ്കൂളുകളിൽ പ്രവേശിക്കുന്നതിലെ അസമത്വങ്ങൾ അവരുടെ യോഗ്യതകൾ മെച്ചപ്പെടുത്തുന്നതിനുള്ള അല്ലെങ്കിൽ നല്ല ഉദ്യോഗങ്ങൾ ലഭിക്കുന്നതിനുള്ള സാധ്യതകളെ ഇല്ലാതാക്കുന്നു. പ്രത്യേക പരിശീലനത്തിന് പണം നല്കുവാൻ മാർഗമില്ലാത്തതിനാൽ ഈ വിദ്യാർഥികൾക്ക് മുന്തിയ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതിന് തടസങ്ങൾ നേരിടുന്നു. പ്രൊഫഷണൽ കോഴ്സുകളുടെ ഫീസും ഇവരെ തടയുവാൻ തക്കവണ്ണം ഉയർന്നതായിരിക്കും. തത്ഫലമായി കൂടുതൽ ഉയർന്ന വിഭാഗങ്ങളുമായി തുല്യനിലയിൽ മത്സരിക്കുവാൻ അവർക്ക് കഴിയില്ല.

ഇത്തരത്തിലുള്ള സാമൂഹിക, സാമ്പത്തിക അസമത്വങ്ങൾ തുല്യാവസരങ്ങൾക്കുവേണ്ടിയുള്ള ശ്രമങ്ങളെ തടയുന്നു. ഇന്ന് എല്ലാ സൈദ്ധാന്തികരും ഇത് തിരിച്ചറിയുന്നു. തുല്യാവസരം എന്ന ലക്ഷ്യത്തിന്റെ പേരിലല്ല, മറിച്ച് ഈ ലക്ഷ്യം നേടുന്നതിനുവേണ്ടി രാഷ്ട്രം പിന്തുടരുന്ന നയങ്ങളുടെ പേരിലാണ് അവർ തർക്കിക്കുന്നത്. പിന്നോക്കസമുദായങ്ങൾക്കു വേണ്ടി രാഷ്ട്രം സീറ്റുകൾ സംവരണം ചെയ്യുകയാണോ വേണ്ടത് അതോ അവരുടെ കഴിവുകളും വൈദഗ്ധ്യങ്ങളും വികസിപ്പിക്കുവാൻ സഹായകരമായ പ്രത്യേകസൗകര്യങ്ങൾ ചെറുപ്രായത്തിലേ അവർക്ക് നൽകുകയാണോ വേണ്ടത്? ആരാണ് അവഗണിക്കപ്പെട്ടവർ എന്ന് നാം എങ്ങനെയാണ് നിർവചിക്കുക? അവഗണിക്കപ്പെട്ടവരെ നിശ്ചയിക്കുവാൻ ഒരു സാമ്പത്തികമാനദണ്ഡമാണോ നാം ഉപയോഗിക്കേണ്ടത്? അതോ നമ്മുടെ രാജ്യത്തെ ജാതിവ്യവസ്ഥയാൽ ഉയരുന്ന സാമൂഹികാസമത്വങ്ങളെ ഈ വിഭാഗങ്ങളെ നിശ്ചയിക്കുവാനുള്ള അടിസ്ഥാനം എന്ന നിലയിൽ നാം ഉപയോഗിക്കണമോ? ഇവയെല്ലാമാണ് ഇന്ന് സംവാദത്തിന് വിധേയമാക്കപ്പെടുന്ന സാമൂഹിക നയത്തിന്റെ വശങ്ങൾ. ആത്യന്തികമായി, നാം തെരഞ്ഞെടുത്ത ആശയങ്ങൾ സമൂഹത്തെ കൂടുതൽ സമത്വപൂർണ്ണവും നീതിപൂർവകവും ആക്കുന്നതിൽ എത്രമാത്രം വിജയിച്ചു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം അവ ന്യായീകരിക്കപ്പെടേണ്ടത്.

സമത്വമെന്ന പ്രശ്നത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ എല്ലാവരെയും ഒരേ പോലെ പരിഗണിക്കുന്നതും എല്ലാവരെയും തുല്യരായി പരിഗണിക്കുന്നതും തമ്മിൽ വേർതിരിച്ച് കാണണം. ചില സന്ദർഭങ്ങളിൽ എല്ലാവരെയും തുല്യരായി പരിഗണിക്കുന്നതിന് വ്യത്യസ്തപരിഗണന ആവശ്യമായേക്കാം. എന്നാൽ, അത്തരം സാഹചര്യങ്ങളിലെല്ലാം സമത്വം പ്രോത്സാഹിപ്പിക്കുന്നതിനാണ് പ്രഥമപരിഗണന. വ്യത്യ

സ്തമോ സവിശേഷമോ ആയ പരിചരണത്തെ സമത്വമെന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുവാനായായി പരിഗണിച്ചേക്കാം. എന്നാൽ ഇതിന് ന്യായീകരണവും ശ്രദ്ധാപൂർവമായ ആലോചനയും ആവശ്യമാണ്. വ്യത്യസ്തസമുദായങ്ങൾക്ക് വ്യത്യസ്ത പരിഗണന എന്നത് ജാതിവ്യവസ്ഥ, വർണ്ണവിവേചനം പോലുള്ള സമ്പ്രദായങ്ങൾ എന്നിവയുടെ അഭിവാജ്യഘടകമായതിനാൽ ഉദാരവാദികൾ സാധാരണയായി എല്ലാവർക്കും ഒരേപോലുള്ള പരിഗണന എന്ന മാനദണ്ഡത്തിൽനിന്നു വ്യതിചലിക്കുന്നതിനെ എതിർക്കുന്നു.

സമത്വ സ്ഥാപനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ അധികവും സ്ത്രീപ്രസ്ഥാനങ്ങൾ ഉയർത്തികൊണ്ടുവന്നതാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ സ്ത്രീകൾ തുല്യാവകാശങ്ങൾക്കുവേണ്ടി പോരാടി. ഉദാഹരണത്തിന് വോട്ടവകാശം, സർവകാലാശാലകളിൽ നിന്നും കോളേജുകളിൽനിന്നും ബിരുദങ്ങൾ നേടുവാനുള്ള അവകാശം, തൊഴിൽ ചെയ്യുവാനുള്ള അവകാശം അതായത് സമൂഹത്തിൽ പുരുഷൻമാർക്കുള്ള അതേ അവകാശങ്ങൾക്കായി അവർ ആവശ്യമുന്നയിച്ചു. എന്നാൽ തൊഴിൽവിപണിയിൽ അവർ പ്രവേശിച്ചപ്പോൾ, ഈ അവകാശങ്ങൾ ഉപയോഗിക്കണമെങ്കിൽ സ്ത്രീകൾക്ക് പ്രത്യേകസൗകര്യങ്ങൾ ആവശ്യമാണെന്ന് അവർ മനസിലാക്കി. ഉദാഹരണത്തിന്, പ്രസവാവധിയും ജോലിസ്ഥലത്ത് ശിശുപരിപാലനകേന്ദ്രങ്ങളും പോലുള്ള ചില വ്യവസ്ഥകൾ സ്ത്രീകൾക്കും ആവശ്യമുണ്ട്. ഇത്തരത്തിലുള്ള പ്രത്യേകപരിഗണനകൾ ഇല്ലാതെ അവർക്ക് തൊഴിലിനുവേണ്ടി കാര്യമായി മത്സരിക്കുവാനോ ഒരു വിജയകരമായ ഔദ്യോ

**നമുക്ക് ചിന്തിക്കാം**

ഇനിപറയുന്ന സാഹചര്യങ്ങൾ പരിഗണിക്കുക. ഇതിലേതിലെങ്കിലും പ്രത്യേകവും വ്യത്യസ്തവുമായ പരിഗണന ന്യായീകരിക്കുന്നുണ്ടോ?

- തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്ക് പ്രസവാവധി വേണം.
- കാഴ്ചശക്തിയില്ലാത്ത രണ്ട് വിദ്യാർഥികൾക്ക് പ്രത്യേക ഉപകരണങ്ങൾ വാങ്ങുവാനായി ഒരു സ്കൂൾ പണം ചെലവഴിക്കണം.
- ഗീത മികച്ച ബാസ്കറ്റ് ബോൾ കളിക്കാരിയാണ്. അതിനാൽ സ്കൂൾ ഒരു ബാസ്കറ്റ് ബോൾ കോർട്ട് അവൾക്കായി നിർമിച്ചു നല്കണം. അതുവഴി അവൾക്ക് കളിയിലെ നൈപുണ്യം വർധിപ്പിക്കാനാകും.
- സ്കൂളിൽ ജീത്ത് ശിരോവസ്ത്രം ധരിക്കണമെന്ന് അവന്റെ രക്ഷിതാക്കൾ ആഗ്രഹിക്കുന്നു അതുപോലെ, വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് ഇർഫാൻ പ്രാർഥിക്കണമെന്ന് അവന്റെ രക്ഷിതാക്കളും ആഗ്രഹിക്കുന്നു. ഈ കാരണത്താൽ ക്രിക്കറ്റ് കളിക്കുമ്പോൾ സ്കൂൾ ജീത്തിനെ ഹെൽമറ്റ് ധരിക്കുവാൻ നിർബന്ധിക്കുവാൻ പാടില്ല. അതുപോലെതന്നെ വെള്ളിയാഴ്ച ഉച്ചതിരിഞ്ഞുള്ള പ്രത്യേക ക്ലാസുകൾക്ക് വേണ്ടി നിൽക്കുവാൻ ഇർഫാനോടും അവന്റെ ടീച്ചർ ആവശ്യപ്പെടരുത്.

ഗിക ജീവിതമോ വ്യക്തിജീവിതമോ അനുഭവിക്കുവാൻ കഴിയില്ല. മറ്റൊരുതരത്തിൽ പറഞ്ഞാൽ പുരുഷൻമാരുടെ അതേ അവകാശങ്ങൾ തന്നെ സ്ത്രീകൾക്കും അനുഭവിക്കണമെങ്കിൽ അവരെ ചില സന്ദർഭങ്ങളിൽ വ്യത്യസ്തമായി പരിഗണിക്കേണ്ടതുണ്ട്.

സമത്വവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോഴും ഒരു പ്രത്യേകവിഷയത്തിർ വ്യത്യസ്തപരിഗണന അനുവദനീയമാണോ എന്ന് പരിശോധിക്കുമ്പോഴും ഒരു വിഭാഗം ആളുകൾക്ക് സമൂഹത്തിലെ മറ്റ് അംഗങ്ങൾക്ക് ലഭിക്കുന്ന അവകാശങ്ങളെല്ലാം ഉറപ്പാക്കുവാൻ വ്യത്യസ്തപരിഗണന അത്യാവശ്യമാണോയെന്ന് നാം നിരന്തരം ചിന്തിക്കണം. വ്യത്യസ്ത പരിഗണന മേധാവിത്വത്തിന്റെയും അടിച്ചമർത്തലിന്റെയും പുതിയ ഘടനകളെ സൃഷ്ടിക്കാതിരിക്കാനും അല്ലെങ്കിൽ സമൂഹത്തിൽ ചില മേധാവിത്വ വിഭാഗങ്ങൾക്കുള്ള പ്രത്യേകാവകാശത്തെയും അധികാരത്തെയും ഊട്ടിയുറപ്പിക്കുവാനുള്ള മാർഗമായി മാറാതിരിക്കുവാനും ശ്രദ്ധ നൽകണം. നീതിയുക്തവും സമത്വപൂർണവുമായ ഒരു സമൂഹത്തെ വളർത്തിയെടുക്കുന്നതിനുള്ള ഒരു മാർഗമെന്ന നിലയിൽ മാത്രമാണ് വ്യത്യസ്തപരിഗണനകൊണ്ട് ഉദ്ദേശിക്കുന്നതും അത് ന്യായീകരിക്കപ്പെടുന്നതും.

# അഭ്യാസം

അഭ്യാസം

1. ചിലയാളുകൾ അസമത്വം സ്വഭാവികമാണെന്ന് വാദിക്കുമ്പോൾ മറ്റു ചിലർ സമത്വമാണ് സ്വഭാവികമായതെന്നും നമ്മുടെ ചുറ്റുപാടും നാം കാണുന്ന അസമത്വങ്ങൾ സാമൂഹ്യസൃഷ്ടിയാണെന്നും സമർഥിക്കുന്നു. ഇതിൽ ഏത് കാഴ്ചപ്പാടിനെയാണ് നിങ്ങൾ അനുകൂലിക്കുന്നത്? കാരണങ്ങൾ നൽകുക.

2. സമ്പൂർണ്ണ സാമ്പത്തികസമത്വം സാധ്യമോ അഭിലഷിണീയമോ അല്ലെന്നൊരു കാഴ്ചപ്പാടുണ്ട്. സമൂഹത്തിലെ സമ്പന്നരും ദരിദ്രരും തമ്മിലുള്ള അന്തരം കുറയ്ക്കുവാൻ ശ്രമിക്കുക എന്നതുമാത്രമാണ് ഒരു സമൂഹത്തിന് ചെയ്യാൻ കഴിയുക എന്ന് വാദിക്കപ്പെടുന്നു. നിങ്ങൾ ഈ കാഴ്ചപ്പാടിനോട് യോജിക്കുന്നുവോ?

3. താഴെപ്പറയുന്ന ആശയങ്ങളെ അനുയോജ്യമായ ഉദാഹരണങ്ങളുമായി ചേർക്കുക.

| | |
|---|---|
| a. അനുകൂലാത്മക നടപടി | i) പ്രായപൂർത്തിയായ എല്ലാ പൗരൻമാർക്കും വോട്ടുചെയ്യുന്നതിനുള്ള അവകാശമുണ്ട്. |
| b. അവസരസമത്വം | ii) മുതിർന്ന പൗരൻമാർക്ക് ബാങ്കുകൾ ഉയർന്നപലിശ നല്കണം. |
| c. തുല്യാവകാശങ്ങൾ | iii) എല്ലാ കുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസം ലഭിക്കണം. |

4. പാർശ്വവൽക്കരിക്കപ്പെട്ട ചെറുകിട കർഷകർക്ക് വിപണിയിൽ നിന്നും നല്ല വില ലഭിക്കുന്നില്ലെന്ന് കർഷകരുടെ പ്രശ്നങ്ങളെക്കുറിച്ചുള്ള ഒരു ഗവൺമെന്റ് റിപ്പോർട്ട് പറയുന്നു. കൂടുതൽ മെച്ചപ്പെട്ട വില ഉറപ്പുവരുത്തുവാൻ ഗവൺമെന്റ് ഇടപെടണമെന്നും എന്നാൽ അത് പാർശ്വവത്കരിക്കപ്പെട്ട ചെറുകിട കർഷകർക്കുവേണ്ടി മാത്രമാകണമെന്നും ഈ റിപ്പോർട്ട് ശുപാർശ ചെയ്യുന്നു. ഈ നിർദ്ദേശം സമത്വ തത്ത്വങ്ങളുമായി ഒത്തുപോകുന്നതാണോ?

5. താഴെത്തന്നിരിക്കുന്നവയിൽ ഏതൊക്കെയാണ് സമത്വ തത്ത്വത്തെ ലംഘിക്കുന്നത്? എന്തുകൊണ്ട്?

   a) ക്ലാസിലെ ഓരോ കുട്ടിയും നാടകത്തിലെ അവരുടെ വാചകങ്ങൾ ഊഴമനുസരിച്ച് വായിക്കും.

   b) കാനഡ ഗവൺമെന്റ് രണ്ടാം ലോകയുദ്ധത്തിന്റെ അവസാനം മുതൽ 1960 വരെ വെള്ളക്കാരായ യൂറോപ്യൻമാരെ കാനഡയിലേക്ക് കുടിയേറുവൻ പ്രോത്സാഹിപ്പിച്ചു.

   c) മുതിർന്ന പൗരന്മാർക്കായി പ്രത്യേക റെയിൽവേ റിസർവേഷൻ കൗണ്ടർ ഉണ്ട്.

   d) ചില വനപ്രദേശങ്ങളിലേക്കുള്ള പ്രവേശനം ചില ഗോത്ര സമൂഹങ്ങൾക്കു മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.

6. സ്ത്രീകളുടെ വോട്ടവകാശത്തെ അനുകൂലിക്കുന്ന ചില വാദമുഖങ്ങൾ ഇവിടെത്തന്നിരിക്കുന്നു. ഇവയിൽ ഏതൊക്കെയാണ് സമത്വമെന്ന ആശയവുമായി ചേർന്നു പോകുന്നത്? കാരണങ്ങൾ നല്കുക.

   a) സ്ത്രീകൾ നമ്മുടെ അമ്മമാരാണ്. അവർക്ക് വോട്ടവകാശം നിഷേധിച്ച് അവരെ നാം അപമാനിക്കരുത്.

   b) ഗവൺമെന്റ് തീരുമാനങ്ങൾ പുരുഷൻമാരെയും സ്ത്രീകളെയും ബാധിക്കും. അതുകൊണ്ട് ഭരണാധികാരികളെ തിരഞ്ഞെടുക്കുന്നതിൽ അവർക്കും പങ്കുണ്ടാകണം.

   c) സ്ത്രീകൾക്ക് വോട്ടവകാശം നല്കാത്തത് കുടുംബത്തിൽ സ്വരച്ചേർച്ചയില്ലായ്മയ്ക്ക് കാരണമാകും.

   d) മാനവരാശിയുടെ പകുതിയും സ്ത്രീകളാണ്. അവർക്ക് വോട്ടവകാശം നിഷേധിച്ചുകൊണ്ട് നിങ്ങൾക്ക് അവരെ ദീർഘകാലം അധീനതയിലാക്കി വയ്ക്കുവാൻ സാധിക്കുകയില്ല.